بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 21

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 മെയ് 27/ഹി.ശം. 1400 ഹിജ്റത്ത് 27/1442 ശവ്വാൽ 14


## അല്ലാഹുവിന്റെ വചനം

يٰۤاَهۡلَ الۡكِتٰبِ قَدۡ جَآءَكُمۡ رَسُوۡلُنَا يُبَيِّنُ لَـكُمۡ كَثِيۡرًا مِّمَّا كُنۡتُمۡ تُخۡفُوۡنَ مِنَ الۡكِتٰبِ وَيَعۡفُوۡا عَنۡ كَثِيۡرٍ ؕ قَدۡ جَآءَكُمۡ مِّنَ اللّٰهِ نُوۡرٌ وَّكِتٰبٌ مُّبِيۡنٌ (المائدہ:16)

'ഗ്രന്ഥാനുസാരികളേ! ഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന നിരവധി കാര്യങ്ങൾ (നിങ്ങൾക്കു) വെളിപ്പെടുത്തിത്തരികയും പല കാര്യങ്ങളും നിങ്ങൾക്ക് മാപ്പാക്കിത്തരികയും ചെയ്യുന്ന നമ്മുടെ ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ പക്കൽനിന്ന് ഒരു പ്രകാശവും സ്പഷ്ടമായൊരു ഗ്രന്ഥവും നിങ്ങൾക്കു വന്നു കഴിഞ്ഞു.'

(5:16)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ) ചോദിക്കുന്നത് ഒരിക്കലും നിഷേധിക്കുമായിരുന്നില്ല.

(1277) ഒരിക്കൽ ഒരു സ്ത്രീ താൻ നെയ്ത തുണിയുമായി നബി(സ) തിരുമേനിയുടെ അടുത്തു വന്നു. എന്നിട്ടവൾ പറഞ്ഞു: ഇത് ഞാനെന്റെ കൈകൊണ്ട് നെയ്തതാണ്. അങ്ങയ്ക്കു ധരിക്കാൻ വേണ്ടിയാണ് ഞാനിതു കൊണ്ടുവന്നത്. നബി(സ)തിരുമേനിക്ക് അതു ആവശ്യമുള്ളതുകൊണ്ട് അതു സ്വീകരിച്ചു. പിന്നെ നബി(സ)തിരുമേനി അതു തുണിയായി ഉടുത്തുകൊണ്ട് ഞങ്ങളുടെയടുക്കൽ വന്നു. അപ്പോൾ അതൊരാൾക്ക് നന്നായി തോന്നി. എത്രനല്ല വസ്ത്രം!ഇതെനിക്കു തന്നാലും അയാൾ പറഞ്ഞു. അപ്പോൾ ആളുകൾ പറഞ്ഞു:നീ ചെയ്തത് ശരിയായില്ല. നബിക്കു ആവശ്യമുണ്ടായതുകൊണ്ടാണല്ലോ അത് ധരിച്ചത്. എന്തെങ്കിലും ആവശ്യപ്പെട്ടാൽ നബി(സ) വെറുതെ മടക്കുകയില്ലെന്ന് നിനക്ക് അറിയുകയും ചെയ്യും. അദ്ദേഹം പറഞ്ഞു:അല്ലാഹുവാണ!ധരിക്കാനല്ല, എന്റെ കഫൻപുടവയായി ഉപയോഗിക്കാൻവേണ്ടിയാണ് ഞാനത് ചോദിച്ചത്. നിവേദകൻ പറഞ്ഞു: അവസാനം ആ (ചാദുർ)അയാളുടെ കഫൻപുടവയായി.

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഈ ഹദീഥിന് നല്കിയ വിശദീകരണത്തിൽ പറയുന്നു: അയാൾ ചോദിച്ചത് സ്വഹാബത്ത് മോശമായി കരുതി. പക്ഷേ, അത് താൻ തന്റെ കഫൻപുടവയാക്കാനാണ് ചോദിച്ചതെന്ന് കേട്ടപ്പോൾ അവർ നിശബ്ദരായി. ആരും ആക്ഷേപം ഉന്നയിച്ചില്ല. നബി(സ)തിരുമേനി തനിക്ക് ആവശ്യമുണ്ടായിരുന്നിട്ടും ആ ചോദിച്ച ആൾക്ക് നല്കി. ഇപ്രകാരം **യുഅ്ഥിറൂന അലാ അൻഫുസിഹിം വലൗ കാന ബിഹിം ഖസ്വാസ്വത്തു**ന്റെ പരിശുദ്ധ മാതൃക സ്ഥാപിച്ചു.*(സ്ഹീഹ് ബുഖാരി, വാള്യം 2, കിതാബുൽജനാഇസ് പ്രസാധകർ ഖാദിയാൻ, 2006)*

## ഈ ലക്കത്തിൽ


ഖുത്ബ 2021 ഏപ്രിൽ 23 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019 തുടക്കം.


**നാം പ്രാപിച്ചതും കണ്ടതുമായ ദൈവത്തെ കുറിച്ച് ജനങ്ങൾക്ക് അറിവു നല്കണമെന്ന മോഹമുള്ളതുകൊണ്ടും അവർക്ക് അവനെ പ്രാപിക്കാനുള്ള ഏറ്റവുമടുത്ത വഴി പറഞ്ഞു കൊടുക്കുന്നതിനും അങ്ങനെ പെട്ടെന്ന് അവരെ ദൈവമനുഷ്യരാക്കുന്നതിനും വേണ്ടിയാണ് നാം വിജ്ഞാപനം നല്കി ആവർത്തിച്ച് ജനങ്ങളെ വിളിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദൈവസന്നിധിയുമായി അടുത്തവരുടെ സ്ഥാനം

'അല്ലാഹുവിന്റെ ആത്മാഭിമാനം ഒരിക്കലും മുഷ്യനെ സ്വന്തം അവസ്ഥയിൽ ഉപേക്ഷിക്കാനും അങ്ങനെ അവൻ നിന്ദ്യനായി ധൂളികരിക്കപ്പെടാനും ആഗ്രഹിക്കുന്നില്ല. അങ്ങനെയല്ല, അവൻ സ്വയം ഏകനും പങ്കുകാരനില്ലാത്തവനും ആയിരിക്കുന്നതുപോലെ തന്റെ ആ ദാസനേയും ഒരു വ്യക്തിയും ഏകനും പങ്കുകാരനില്ലാത്തവനുമാക്കുന്നു. ദുൻയാവിന്റെ സിംഹാസനത്തിൽ ഒരു മനുഷ്യനും അവനെ നേരിടാൻ കഴിയുകയില്ല. നാലുഭാഗത്തുനിന്നും അവന്റമേൽ ആക്രമണമുണ്ടാകുന്നു. ഓരോ ആക്രമിക്കുന്നവനും പക്ഷേ, അവന്റെ  രക്ഷപ്പെടൽ മാനുഷിക ശക്തിക്കതീതമായിട്ടുള്ള ഏതൊ അദൃശ്യശക്തിയുടെ പ്രവൃത്തിയാണെന്ന് അവസാനം മനസ്സിലാക്കുന്നു. ആക്രമിക്കുന്നവന് ആദ്യമെ ഇത് അറിയാമായിരുന്നെങ്കിൽ അവനൊരിക്കലും ആക്രമണം നടത്തുമായിരുന്നില്ല. അതിനാൽ ദൈവസന്നിധിയിൽ ഒരു അടുപ്പം കരസ്ഥമാക്കുന്നവന്റെ അസ്തിത്വം മറ്റുള്ളവരുമേൽ ഒരു അടയാളമായിത്തീരുന്നു. ബാഹ്യമായി നോക്കുമ്പോൾ എല്ലാതരത്തിലുള്ള ഉപായങ്ങളുടേയും പരിശ്രമങ്ങളുടേയും ഫലം തനിക്കെതിരിൽ അവർക്ക് രക്ഷപ്പെടാനാവില്ലെന്ന നിലവരെ എത്തിക്കുന്നുണ്ടെ ന്നാണ്  എല്ലാ ഓരോ എതിരാളിയും കരുതുന്നത്. പക്ഷേ, ഈ പിടിവാശിയിൽ ഒരു ആദരവോടും ബഹുമാനത്തോടും സമാധാനത്തോടുംകൂടി അവൻ പുറപ്പെടുമ്പോൾ, പൊടുന്നനെ  മനുഷ്യശക്തിയുടെതന്നെ ജോലിയായിരുന്നെങ്കിൽ അവൻ രക്ഷപ്പെടുന്ന പ്രശ്നമേയില്ലെന്നും പക്ഷേ, ഇപ്പോൾ അവൻ സമാധാനത്തോടുകൂടി ഇരിക്കുന്നത് മനുഷ്യന്റെ ജോലിയാലല്ല ദൈവത്തിന്റെ ജോലിയാലാണെന്ന് കരുതി അവന് അത്ഭുതപ്പെടേണ്ടിവരികയും ചെയ്യുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ദൈവസന്നിധിയുമായി അടുത്തിരിക്കുന്നരുടെ മേലുള്ള ആക്രമണം എന്തുകൊണ്ടാണുണ്ടാകുന്നത്? ഈശ്വരീയജ്ഞാനത്തിന്റേയും പരമജ്ഞാനത്തിന്റേയും ഇടവഴികൾ അറിയാത്തവർ അത്തരം എതിർപ്പുകളെ ഒരു നിന്ദ്യതയായി മനസ്സിലാക്കുന്നു എന്നതാണത്. എന്നാൽ, അവർ കരുതുന്ന ആ നിന്ദ്യതയിൽ ആ ദൈവസന്നിധിയോട് അടുത്തിരിക്കുന്നവർക്കുവേണ്ടി, അല്ലാഹുവിന്റെ സത്തയ്ക്കും അസ്തിത്വത്തിനും അടയാളമായിട്ടുള്ള ഒരു ആദരവും മാന്യതയും പുറപ്പെടുന്നുണ്ടെന്നതിനെകുറിച്ച് അവർക്കെന്ത് വിവരമാണുള്ളത്. അതുകൊണ്ടാണ് ഈ മനുഷ്യർ അല്ലാഹുവിന്റെ അടയാളങ്ങളാണെന്ന് പറയപ്പെടുന്നത്.

ചുരുക്കത്തിൽ നാം പ്രാപിച്ചതും കണ്ടതുമായ ദൈവത്തെ കുറിച്ച് ജനങ്ങൾക്ക് അറിവു നല്കണമെന്ന മോഹമുള്ളതുകൊണ്ടും അവർക്ക് അവനെ പ്രാപിക്കാനുള്ള ഏറ്റവുമടുത്ത മാർഗം പറഞ്ഞു കൊടുക്കുന്നതിനും അങ്ങനെ പെട്ടെന്ന് അവരെ ദൈവമനുഷ്യരാക്കുന്നതിനും വേണ്ടിയാണ് നാം വിജ്ഞാപനം നല്കി ആവർത്തിച്ച് ജനങ്ങളെ വിളിക്കുന്നത്. നമ്മുടെ അഭിപ്രായത്തിൽ  കർമപരമായ അവസ്ഥകൊണ്ട് മനുഷ്യൻ സ്വയം നോക്കാത്തിടത്തോളം കഥാകഥനങ്ങൾകൊണ്ട് ഈശ്വരീയജ്ഞാനത്തിലും പരമജ്ഞാനത്തിലും അഭിവൃദ്ധിപ്രാപിക്കാൻ സാധ്യമല്ല. ഇതു നമ്മുടെ മാർഗംകൂടാതെ ലഭ്യവുമല്ല. ഈ മാർഗത്തിന് അത്തരം ബുദ്ധിമുട്ടുകളുടേയും ക്ലേശങ്ങളുടേയും ആവശ്യമില്ല. ഇവിടെ സംശുദ്ധഹൃദയമാണ് വേണ്ടത്. സ്നേഹവും പ്രേമവുമുള്ള മനസ്സുകളിലാണ് അല്ലാഹുവിന്റെ ദൃഷ്ടി പതിയുന്നത്. അവന് മൂർത്തികളെക്കൊണ്ട് എന്തു ആവശ്യം? മൂർത്തീപൂജകൊണ്ട് മനുഷ്യൻ ഒരിക്കലും ശരിയായതും ദൃഢഗാഢപരവുമായ ഫലങ്ങളിൽ എത്തിച്ചേരുകയില്ല.'*(മൽഫൂദാത്ത് വാള്യം1, പേജ് 292, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

**സൃഷ്ടികളെ പൂജിക്കുന്നവർ ആ സൃഷ്ടികളിൽ മറഞ്ഞിരിക്കുന്ന നേട്ടങ്ങളിൽനിന്ന് തടയപ്പെട്ടവരായിത്തീരുന്നു. നക്ഷത്രങ്ങളേയും നദികളേയും ദൈവമാക്കുന്നവർക്ക് അതിന്റെ മേൽ എപ്പോഴാണ് ഭരണം നടത്താൻ തന്റേടമുണ്ടാകുക. മനുഷ്യനെ ദൈവമാക്കുന്നവർക്ക് അവരിൽ നിന്ന് എപ്പോഴാണ് ഫലമെടുക്കാൻ കഴിയുക.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) റഅ്ദ് എന്ന അധ്യായത്തിലെ 15-ാമത്തെ വചനമായ **ലഹൂ ദഅ്വത്തുൽഹഖ്ഖി വല്ലദീന യദ്ഊന മിൻ ദൂനിഹീ ലാ യസ്തജീബൂന ലഹും ബി ശയ്ഇൻ ഇല്ലാ ക ബാസിത്വി കഫ്ഫയ്ഹി ഇലൽ മാഇ ലി യബ്ലുഗഫാഹു വമാ ഹുവ ബിബാലിഗിഹി വമാ ദുആഉൽ കാഫിരീന ഇല്ലാ ഫീ ളലാലിൻ** എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈ വചനത്തിൽ പറയപ്പെട്ടിരിക്കുന്നു, ഏപ്രകാരം ഉന്നതമായ വസ്തുവിന് താണസ്ഥാനം നല്കുന്ന മനുഷ്യൻ നേട്ടങ്ങൾ നിഷേധിക്കപ്പെട്ടവനാകുന്നുവോ അപ്രകാരം താഴ്ന്ന വസ്തുവിന് ഉന്നതസ്ഥാനം നല്കുന്നവനും നേട്ടങ്ങൾ നിഷേധിക്കപ്പെട്ടവനായിത്തീരുന്നു. നല്ല നാണയങ്ങൾ വ്യാജമാണെന്ന് മനസ്സിലാക്കുന്നവൻ പട്ടിണി കിടന്ന് മരിക്കും. കാരണം അവൻ നാണയങ്ങൾ ഉപയോഗിക്കുകയില്ല. എന്നാൽ, നല്ലതിനെ ചീത്തയായി മനസ്സിലാക്കുന്നവനും സമയം വരുമ്പോൾ ബുദ്ധിമുട്ടനുഭവിക്കും. കാരണം അത് അവന് പ്രയോജനപ്പെടുകയില്ല. അല്ലാഹുവിന്റെ സ്വിഫത്തുകളെ സംബന്ധിച്ച് അറിയാത്തവൻ അവന്റെ കാരുണ്യങ്ങളിൽനിന്ന് പിന്തള്ളപ്പെടും. പക്ഷേ, ആരാണോ സൃഷ്ടികളെ ദൈവങ്ങളാക്കുന്നത് അവരും ആ സൃഷ്ടികളുടെ നേട്ടത്തിൽനിന്ന് പിന്തള്ളപ്പെടുന്നതായിരിക്കും. ഉദാഹരണത്തിന് വെള്ളം മനുഷ്യന് ഫലപ്രദമായ ഒരു വസ്തുവാണ്. മനുഷ്യന് പ്രയോജനപ്പെടുന്നതിന് സൃഷ്ടിക്കപ്പെട്ടതാണ്. ഇനി ആരെങ്കിലും മനുഷ്യന്റെ സ്ഥാനം അതിനു നല്കുന്നതായാൽ, മനുഷ്യൻ മനുഷ്യനെ കൈകാട്ടി വിളിക്കുന്നതുപോലെ അതിനെ വിളിക്കുന്നതായാൽ വെള്ളം

(ശേഷം പേജ് 11 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: നിസംശയം! അല്ലാഹു ഉമറിന്റെ നാവിലും മനസ്സിലും സത്യത്തെസ്ഥാപിച്ചു. അദ്ദേഹം ഫാറൂഖാണ്. കാരണം അല്ലാഹു അദ്ദേഹം മുഖേന സത്യവും അസത്യവും തമ്മിൽ വേർപ്പെടുത്തി.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,
ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഹദ്റത്ത് ആഇശാ(റ)വിവരിച്ചു: നബി(സ)തിരുമേനി പറഞ്ഞു:
**അല്ലാഹുമ്മ അഇസ്സൽ ഇസ്‌ലാമ ബി ഉമറബ്നിൽഖത്ത്വാബി ഖാസ്സ്വത്തൻ**
അല്ലാഹുവേ!പ്രത്യേകമായ നിലയിൽ ഉമർ ബിൻ ഖത്ത്വാബ് മുഖേന ഇസ്‌ലാമിന് അന്തസ്സ് നല്കേണമേ.കേൾക്കണം.

ഹദ്റത്ത് ഉമർ(റ)ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഹദ്റത്ത് ജിബ്‌രീൽ(അ)ഇറങ്ങി. എന്നിട്ട് പറഞ്ഞു:
മുഹമ്മദേ! ഉമർ ഇസ്‌ലാം സ്വീകരിച്ചതുകൊണ്ട് ആകാശത്തുള്ളവർ സന്തോഷത്തിലാണ്.

യമനിലെ മുഹമ്മദ് ഉഥ്മാൻ ശബൂത്വീ സാഹിബിന്റെ മകൻ അഹ്മദ് മുഹമ്മദ് ഉഥ്മാൻ ശബൂത്വീ സാഹിബ്, ജൽസാ സാലാന ഓഫീസിൽ അക്കൗണ്ടന്റായിരുന്ന ഖുറയ്ശീ ദക്കാവുല്ലാഹ് സാഹിബ്, കനഡയിലെ മലിക് ഖാലിഖ് ദാദ് സാഹിബ്, നള്ളാറത്തെ ഉമൂറെ ആമയിലെ ഉദ്യോഗസ്ഥനായ മുഹമ്മദ് സലീം സ്വാബിർ സാഹിബ്, അമേരിക്കയിലെ സാഹിബ്സാദ മഹ്ദീ ലത്വീഫ് സാഹിബിന്റെ ഭാര്യ നയീമ ലത്വീഫ് സാഹിബ, കനഡയിലെ ശരീഫ് സാഹിബിന്റെ ഭാര്യ സ്വഫിയബീഗം സാഹിബ തുടങ്ങിയവരുടെ അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 ഏപ്രിൽ 23/1400 ശഹാദത്ത് 23,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഇന്നു ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ)നെ കുറിച്ചായിരിക്കും പരാമർശിക്കുന്നത്. ബനൂ അദിയ്യ് ബിൻ കഅ്ബ് ബിൻ ലുവയ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഖത്വാബ് ബിൻ നുഫയ്ൽ എന്നായിരുന്നു. ഒരു അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹൻതമ ബിൻത് ഹാശിം എന്നായിരുന്നു. ഇപ്രകാരം അവിടത്തെ മാതാവ് അബൂജഹ്‌ലിന്റെ കൊച്ചാപ്പയുടെ മകളാത്തീരുന്നു. മറ്റൊരു അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹൻതമ ബിൻ ത് ഹിശാം എന്നായിരുന്നു. ഇപ്രകാരം അവർ അ ബൂജഹ്‌ലിന്റെ സഹോദരിയായിത്തീരുന്നു. പക്ഷേ, സഹോദരി എന്നു പറഞ്ഞിരിക്കുന്ന ഈ നിവേദനം കൂടുതൽ അംഗീകരിക്കപ്പെടുന്നില്ല. അബൂ ഉമർ പറയുന്നു: ആരാണോ അബൂജഹ്‌ലിന്റെ സഹോദരിയാണെന്ന് പറയുന്നത് അയാൾ പാപം ചെയ്തു. അങ്ങനെയായിരുന്നെങ്കിൽ അബൂജഹലിന്റേയും ഹാരിഥിന്റേയും സഹോദരിയാകുമായിരുന്നു. യഥാർഥത്തിൽ അങ്ങനെയല്ല. അവർ അവർ രണ്ടുപേരുടേയും കൊച്ചാപ്പയുടെ മകളായിരുന്നു. അവരുടെ പിതാവിന്റെ പേര് ഹാശിം എന്നായിരുന്നു.*(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 484, ഉമർ ബിൻ ഖത്വാബ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)(ഉസുദുൽഗാബ, വാള്യം 4, പേജ് 138, ഉമർ ബിൻ ഖത്വാബ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)*

ഹദ്റത്ത് ഉമർ(റ)ന്റെ ജനനത്തെ സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങൾ വന്നിട്ടുണ്ട്. അതനുസരിച്ച് ഹദ്റത്ത് ഉമർ(റ)ന്റെ ജനനത്തിയതിയുടെ വർഷവും വെവ്വേറെയായി മാറും. ഹദ്റത്ത് ഉമർ(റ) വലിയ ഫുജ്ജാർ യുദ്ധത്തിന്റെ നാലുവർഷം മുമ്പേ ജനിച്ചുവെന്നാണ് ഒരു അഭിപ്രായം. മറ്റൊരു സ്ഥലത്ത് എഴുതിയിരിക്കുന്നത് വലിയ ഫുജ്ജാർ യുദ്ധത്തിന്റെ നാലു വർഷത്തിനുശേഷം ജനിച്ചുവെന്നാണ്. ഈ യുദ്ധം നിഷിദ്ധമാസങ്ങളിൽ നടന്നതുകൊണ്ടാണ് ഇതിന് ഫുജ്ജാർ യുദ്ധം എന്നു പറയുന്നത്; ആ മാസത്തിൽ യുദ്ധം ചെയ്യൽ വലിയ അപരാധപരവും തെമ്മാടിത്തപരവുമായ കാര്യമാണ്. ഈ യുദ്ധം നാലു ഘട്ടങ്ങളിലാണ് ഉണ്ടായിരുന്നത്. നാലാമത്തെ യുദ്ധത്തിന് ‘അൽഫുജ്ജാറുൽഅഅ്ളം’ എന്നു പറയുന്നു;ഏറ്റവും വലിയ യുദ്ധം. വലിയ ഫുജ്ജാർ യുദ്ധത്തിനുപുറമെ **‘അൽഫുജ്ജാറുൽഅഅ്ള്വമുൽആഖിർ’** അവസാനത്തെ വലിയ യുദ്ധം എന്നും പറയുന്നുണ്ട്. ഖുറയ്ശിനും ബനൂകിനാനയ്ക്കും ഇപ്രകാരംതന്നെ ഹവാസിനുമിടയിലാണ് ഈ യുദ്ധം നടന്നത്. മറ്റൊരു അഭിപ്രായമുള്ളത് ഹദ്റത്ത് ഉമർ ആമുൽഫീൽ അഥവാ ഗജവർഷത്തിന്റെ 13 വർഷത്തിനുശേഷം ജനിച്ചുവെന്നാണ്. *(താരീഖ് ദിമശ്ഖ് ലിഇബ്നി അസാക്കീർ, വാള്യം 47, പേജ് 45, ഉമർബിൻ ഖത്വാബ്, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 2001)(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 484, ഉമർബിൻ ഖത്വാബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)(അറ്റ്ലസ് സീറത്ത് നബ്‌വി(സ)പേജ് 102, പ്രസാധകർ ദാറുസ്സലാം രിയാള്, ഹിജ്റ 1425-ൽനിന്നെടുത്തത്)* ഗജവർഷം എന്നത് 570 ഏ.ഡി യാണ്. അതിനു 13 വർഷം കഴിഞ്ഞ് എന്ന കണക്കനുസരിച്ച് ഹദ്റത്ത് ഉമർ(റ)ന്റെ ജനനം 583 ഏ.ഡി ആകും.

മൂന്നാമത്തെ അഭിപ്രായം ഹദ്റത്ത് ഉമർ(റ)നബ്‌വി 6-ാം വർഷമാണ് ഇസ്‌ലാം സ്വീകരിച്ചത്. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം 26 വയസ്സായിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 204, ഇസ്‌ലാം ഉമർ(റ),ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 1990)(അറ്റ്ലസ് സീറത്ത് നബ്‌വി(സ)പേജ് 75, പ്രസാധകർ ദാറുസ്സലാം രിയാള്, ഹിജ്റ 1425-ൽ നിന്നെടുത്തത്)*

ക്രിസ്ത്വബ്ദംവെച്ചു നോക്കിയാൽ നബ്‌വി 6-ാം വർഷം 616 ഏ.ഡി യാണ്. ആ നേരത്ത് ഹദ്റത്ത് ഉമറിന്റെ പ്രായം 26 വയസ്സായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ജനനവർഷം 590 ആയിരിക്കും. നാലാമത്തെ അഭിപ്രായത്തിൽ നബി(സ)തിരുമേനിക്ക് 21 വയസ്സുള്ളപ്പോഴാണ് ഹദ്റത്ത് ഉമർ(റ) ജനിച്ചത്.*(താരീഖുൽ ഖുമയ്സ് ഫീ അഹ്‌വാലി അൻഫുസ നഫീസ് ഭാഗം 1, പേജ് 259, വിലദത്തു ഉമർ മുഅസ്സസ്ത്തു ശഅ്ബാൻ ബെയ്റുത്ത്)*

എന്തായാലും ഇങ്ങനെ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഏതാണ്ട് 21 നും 26 നും ഇടയ്ക്കായിരിക്കും അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്.

ഹദ്റത്ത് ഉമറിന്റെ സംജ്ഞാനാമം **‘അബൂ ഹഫ്സ്വ്’** എന്നായിരുന്നു.*(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 484, ഉമർബിൻ ഖത്വാബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ‘നബി(സ)തിരുമേനി ബദ്ർ യുദ്ധ ദിവസം സ്വഹാബത്തിനോടു ഇപ്രകാരം പറഞ്ഞു, ബനൂ ഹാശിമുകാരും മറ്റു ചിലരും ഖുറയ്ശികളോടൊപ്പം നിർബന്ധിതരായി വന്നിരിക്കുന്നുവെന്ന് എനക്കറായിൻ കഴിഞ്ഞു. അവർ നമ്മളോടു യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ല. അതിനാൽ നിങ്ങളിലാരെങ്കിലും ബനൂഹാശിമിൽപ്പെട്ട ആരെയെങ്കിലും കാണുകയാണെങ്കിൽ അവരെ വധിക്കരുത്. അബുൽബഖ്ത്തരിയെ കണ്ടാൽ ആരും വധിക്കരുത്. നബി(സ)തിരുമേനിയുടെ പിതൃവ്യനായ അബ്ബാസ് ബിൻ അബ്ദുൽമുത്ത്വലിബിനെ കണ്ടാൽ അദ്ദേഹത്തേയും വധിക്കരുത്. എന്തുകൊണ്ടെന്നാൽ ഇക്കൂട്ടർ ഖുറയ്ശികളോ

ടൊപ്പം വരാൻ നിർബന്ധിതരായവരാണ്. ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു: ഹദ്റത്ത് അബൂ ഹുദയ്ഫ ബിൻ ഉത്ബ പറഞ്ഞു: ഞങ്ങൾ സ്വന്തം പിതാക്കളേയും സഹോദരങ്ങളേയും ആൺമക്കളേയും കുടുംബക്കാരേയും വധിക്കുകയും അബ്ബാസിനെ വെറുതെ വിടുകയുമോ? അല്ലാഹുവാണ! അബ്ബാസിനെ കിട്ടിയാൽ ഞാൻ എന്തായാലും അവനെ എന്റെ വാളുകൊണ്ട് വധിക്കുന്നതാണ്. നിവേദകൻ പറയുന്നു, ഈ വാർത്ത നബി(സ)തിരുമേനി അറിഞ്ഞു. അപ്പോൾ നബി(സ)തിരുമേനി ഉമറിനോടു പറഞ്ഞു, 'അബൂ ഹഫ്സേ! -ഹദ്റത്ത് ഉമർ(റ) പറയുന്നു, അല്ലാഹുവാണ! എന്നെ നബി(സ)തിരുമേനി ആദ്യമായി അബൂഹഫ്സ് എന്നു വിളിച്ച ദിവസമായിരുന്നു അത്-റസൂലുല്ലായുടെ പിതൃവ്യന്റെ മുഖത്ത് വാളുകൊണ്ട് വെട്ടുമെന്നോ? ഹദ്റത്ത് ഉമർ(റ)പറഞ്ഞു, യാ റസൂലല്ലാഹ്! അങ്ങനെ പറഞ്ഞവന്റെ ഗളച്ഛേദം നടത്താൻ എനിക്ക് അനുവാദം തന്നാലും. അല്ലാഹുവാണ! അവൻ അതായത് അബൂഹുദയ്ഫ പിന്നീട് എപ്പോഴും പറയുമായിരുന്നു, അന്നു ഞാൻ പറഞ്ഞ വാക്കുകൾ കാരണം എനിക്ക് സ്വസ്ഥത നഷ്ടപ്പെട്ടു. അതേ കുറിച്ച് ഞാൻ ഭയന്നുകൊണ്ടിരുന്നു. എന്റെ വാക്കുകൾക്ക് പാപപരിഹാരമായി ശഹാദത്ത്(വീരമൃത്യു)മാത്രമേ പ്രതിവിധിയുള്ളൂവെന്ന് ഞാൻ ചിന്തിച്ചു. ഹദ്റത്ത് അബൂ ഹുദയ്ഫ(റ)യമാമ യുദ്ധ ദിവസം ശഹീദായി. *(സീറത്ത് ഇബ്നു ഹിശാം പേജ് 429, ബാബ് ഗസ്വത്തു ബദ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഹദ്റത്ത് ആഇശാ(റ)നിവേദനം. നബി(സ) തിരുമേനി ഹദ്റത്ത് ഉമറിന് ഫാറൂഖ് എന്ന ഉപനാമം നല്കി. *(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 4, പേജ് 143, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലെബ്നാൻ)*

ഈ ഉപനാമത്തിന്റെ പശ്ചാത്തലമെന്തായിരുന്നു? അതിനു ശേഷം ഈ നിവേദനം ലഭിക്കു ന്നു. ഹദ്റത്ത് അബ്ബാസ്(റ) വിവരിക്കുന്നു: ഞാൻ ഉമറിനോടു ചോദിച്ചു, താങ്ങളുടെ ഉപനാമം ഫാറൂഖ് എന്ന് എങ്ങനെയാണ് വെക്കപ്പെട്ടത്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഹംസത്ത്(റ) എന്നെക്കാൾ മൂന്നുദിവസം മുമ്പേയായിരുന്നു ഇസ്ലാം സ്വീകരിച്ചത്. ഞാൻ യാദൃച്ഛികമായി മസ്ജിദുൽഹറാമിന്റെ അടുത്ത് പോകുകയായിരുന്നു. അപ്പോൾ വളരെ ധിറുതിയിൽ അബൂജഹ്ൽ നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞുകൊണ്ട് പോയി. അപ്പോൾ അയാൾ ചെയ്ത കാര്യത്തെ കുറിച്ച് ഹദ്റത്ത് ഹംസയ്ക്ക് വിവരം ലഭിച്ചില്ല. ഹദ്റത്ത് ഹംസ അക്കാര്യമറിഞ്ഞപ്പോൾ വില്ലുമെടുത്ത് കഅ്ബാലയത്തിലേക്ക് പുറപ്പെട്ടു. അബൂജഹ്ൽ ഇരുന്നിരുന്ന ഖുറയ്ശികളുടെ മുമ്പിൽ തന്റെ വില്ലും താങ്ങി അദ്ദേഹം നിലയുറപ്പിച്ചു. എന്നിട്ട് തുടർച്ചയായി അബൂ ജഹ്‌ലിനെ തറപ്പിച്ചു നോക്കി. അബൂ ജഹ്‌ലിന് അദ്ദേഹത്തിന്റെ മുഖത്തെ നീരസം മനസ്സിലായി. അപ്പോൾ അയാൾ ചോദിച്ചു: അബൂ അമ്മാറേ! (ഹംസയുടെ വിളിപ്പേരായിരുന്നു അത്)എന്താ കാര്യം? ഹദ്റത്ത് ഹംസ വളരെ ശക്തിയോടെ തന്റെ വില്ലുകൊണ്ട് അയാളുടെ കവിളത്തടിച്ചു. കവിളിൽ മുറിവു പറ്റി. ചോര ഒഴുകാൻ തുടങ്ങി. അദ്ദേഹത്തിന്റെ കോപത്തെ ഭയന്നുകൊണ്ട് ഖുറയ്ശികൾ വേഗം തർക്കം അവസാനിപ്പിച്ചു.

ഹദ്റത്ത് ഉമർ(റ) ഈ സംഭവം ഇപ്രകാരമാണുണ്ടായതെന്ന് വിവരിച്ചു: ഞാനും അതു കണ്ടതാണ്. അതു കഴിഞ്ഞ് മൂന്നാം ദിവസം ഞാൻ പുറത്തിറങ്ങിയ നേരത്ത് വഴിയിൽവച്ച് മഖ്സൂം ഗോത്രത്തിലെ ഒരാളെ കണ്ടു. ഞാൻ അയാളോടു ചോദിച്ചു, നീ നിന്റെ പിതാക്കളുടെ മതമുപേക്ഷിച്ചുകൊണ്ട് മുഹമ്മദിന്റെ മതത്തെ സ്വീകരിച്ചുവോ? അയാൾ പറഞ്ഞു:'ഞാനങ്ങനെ ചെയ്തുവെങ്കിൽ അതിൽ വലിയകാര്യമെന്തിരിക്കുന്നു? നിങ്ങൾക്ക് വേണ്ടപ്പെട്ടവരും അപ്രകാരം ചെയ്തിട്ടുണ്ടല്ലോ? ഹദ്റത്ത് ഉമർ(റ)പറയുന്നു: ഞാൻ ചോദിച്ചു ആരാണവർ?അയാൾ പറഞ്ഞു; താങ്കളുടെ സഹോദരിയും ഭർത്താവും! അതുകേട്ട് ഞാനെന്റെ സഹോദരിയുടെ വീട്ടിലെത്തി. വാതിൽ അടഞ്ഞ നിലയിലായിരുന്നു. അവിടെ പതിഞ്ഞ സ്വരത്തിൽ എന്തോ വായിക്കുന്നതു കേട്ടു. എനിക്കുവേണ്ടി വാതിൽ തുറക്കപ്പെട്ടു. ഞാൻ ഉള്ളിൽ കടന്നു. നിങ്ങളിൽനിന്ന് ഞാനെന്താണ് ഇപ്പോൾകേട്ടതെന്ന് ഞാൻ അവരോടു ചോദിച്ചു. അവർ ചോദിച്ചു, നീ എന്താണ് കേട്ടത്? അങ്ങനെ സംസാരം തർക്കത്തിലേക്ക് വഴിമാറി. ഞാനെന്റെ അളിയന്റെ തലയ്ക്കുപിടിച്ച് മർദിച്ചു. അദ്ദേഹത്തെ ചോരയിൽ കുളിപ്പിച്ചു. എന്റെ സഹോദരി എഴുന്നേറ്റു. എന്റെ തല പിടിച്ചു. എന്നിട്ടു പറഞ്ഞു: ഇതു നിന്റെ ഇഷ്ടത്തിനെതിരായതുകൊണ്ടാണോ? അതായത് ഞങ്ങൾ ഇസ്ലാം സ്വീകരിച്ചത് നീ ഇഷ്ടപ്പെടാത്തതുകൊണ്ടാണോ ഇങ്ങനെ ചെയ്യുന്നത്? മറ്റൊരു നിവേദനത്തിൽ സഹോദരിക്ക് പരിക്കുപറ്റിയതായി വന്നിട്ടുണ്ട്.

ഹദ്റത്ത് ഉമർ(റ)പറയുന്നു: ഞാൻ ചോര കണ്ടപ്പോൾ, ചിലപ്പോൾ സഹോദരിയുടെ ചോരയും ചിന്തിക്കാണും- എനിക്കു ലജ്ജ തോന്നി. എന്നിട്ട് ഞാനിരുന്നു. എനിക്ക് ആ ഗ്രന്ഥം കാണിച്ചുതരാൻ പറഞ്ഞു. എന്റെ സഹോദരി പറഞ്ഞു, അതിനെ പരിശുദ്ധരായവർക്കുമാത്രമെ തൊടാനാകുകയുള്ളു. സത്യമാണ് നീ പറയുന്നതെങ്കിൽ പോയി കുളിച്ചു വരിക. ഞാനങ്ങനെ കുളിച്ചുവന്നു. അപ്പോൾ അവർ എനിക്കുവേണ്ടി ആ ഏടുകൾ പുറത്തെടുത്തു. അതിൽ **ബിസ്മില്ലാഹിർറഹ്മാനിർറഹീം** എന്നുണ്ടായിരുന്നു. ഈ നാമം വളരെ പരിശുദ്ധവും പരിപാവനവുമാണല്ലോ? അതിനുശേഷമുണ്ടായിരുന്നത് ത്വാഹാ എന്ന അധ്യായത്തിലെ **ത്വാഹാ മാ അൻസൽനാ അലയ്ക്കൽഖുർആന ലിതശ് ഖാ** മുതൽ **ലഹുൽ അസ്മാഉൽ ഹുസ്നാ** വരെയുള്ള(ത്വാഹാ 2-9) വചനങ്ങളായിരുന്നു. ഉമർ പറയുന്നു: എന്റെ മനസ്സിൽ ആ ഗ്രന്ഥത്തിന് വളരെ മാഹാത്മ്യമുള്ളതായി അനുഭവപ്പെട്ടു. ഞാൻ പറഞ്ഞു: ഖുറയ്ശികൾ ഇതിൽനിന്ന് ഓടി അകലുകയാണ്. ഞാൻ ഇസ്ലാം സ്വീകരിച്ചിരിക്കുന്നു. നബി(സ)തിരുമേനി എവിടെയാണെന്ന് ഞാനവരോടു ചോദിച്ചു. എന്റെ സഹോദരി പറഞ്ഞു: നബി(സ)തിരുമേനി ദാറു അർഖമിലുണ്ട്. ഞാൻ അവിടെയെത്തി. വാതിലിൽമുട്ടി വിളിച്ചു. അവിടെ ഉണ്ടായിരുന്ന സ്വഹാബത്ത് പെട്ടെന്ന് ഒരുമിച്ചു കൂടി. ഹദ്റത്ത് ഹംസ അവരോടു ചോദിച്ചു, നിങ്ങൾക്കെന്തുപറ്റി? അവർ പറഞ്ഞു, ഹദ്റത്ത് ഉമർ! അദ്ദേഹം പറഞ്ഞു, ഉമർ തന്നെയായാലും വാതിൽ തുറന്നു കൊടുക്കുക. ഉമറാണ് പുറത്തുനില്ക്കുന്നതെങ്കിൽ, സദുദ്ദേശ്യത്തോടെയാണ് വന്നിട്ടുള്ളതെങ്കിൽ നമ്മൾ അദ്ദേഹത്തെ സ്വീകരിക്കും. ഇനി ദുരുദ്ദേശ്യത്തോടെയാണ് വന്നിട്ടുള്ളതെങ്കിൽ അദ്ദേഹത്തെ വധിക്കുകയും ചെയ്യും. ഈ സംഭാഷണം നബി(സ)തിരുമേനിയും കേൾക്കുകയുണ്ടായി. നബി(സ)തിരുമേനി പുറത്തേക്കു വന്നു. ഹദ്റത്ത് ഉമർ ശഹാദത്ത് കലിമ ചൊല്ലി. ആ വീട്ടിലുണ്ടായിരുന്ന എല്ലാ സ്വഹാബത്തും ഉച്ചത്തിൽ **അല്ലാഹ് അക്ബർ** എന്നു പറഞ്ഞു. അത് മക്കക്കാരും കേൾക്കുകയുണ്ടായി. ഞാൻ ചോദിച്ചു: യാ റസൂലല്ലാഹ് നമ്മൾ സത്യത്തിലല്ലേ? അവിടന്ന് പറഞ്ഞു, എന്തുകൊണ്ടല്ല. അപ്പോൾ ഞാൻ ചോദിച്ചു: പിന്നെന്തിനാണ് നമ്മൾ ഒളിച്ചിരിക്കുന്നത്? ദീനിനെ ഗോപ്യമാക്കി വെച്ചിരിക്കുന്നതെന്തിനാണ്? ഞങ്ങൾ രണ്ടുവരിയായി പുറത്തിറങ്ങി. ഒരു വരിയിൽ ഞാനുമുണ്ടായിരുന്നു. മറ്റൊന്നിൽ ഹദ്റത്ത് ഹംസയുമുണ്ടായിരുന്നു. ഞങ്ങൾ മസ്ജിദുൽഹറാമിൽ പ്രവേശിച്ചു. അപ്പോൾ ഖുറയ്ശികൾ എന്നേയും ഹംസയേയും കണ്ടു. അവർക്ക് മുമ്പൊരിക്കലും ഉണ്ടാകാത്തത്ര മനോവേദനയും മനപ്രയാസവുമുണ്ടായി. അങ്ങനെ നബി(സ)തിരുമേനി എന്റെ പേര് ഫാറൂഖ്(സത്യാസത്യവിവേചകനായവൻ)എന്നുവച്ചു. അപ്രകാരം ഇസ്ലാമിന് ശക്തിയെത്തി. സത്യത്തിനും അസത്യത്തിനുമിടയിൽ വ്യതാസവുമുണ്ടായി.*(താരീഖുൽഖുലഫാ, ജലാലുദ്ദീൻ അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ അസ്സുയൂതി, പേജ് 91-92, പ്രസാധകർ ദാറുൽകിതാബിൽ അറബി, ബെയ്റുത്ത് ലബ്നാൻ 1999)*

അയ്യൂബ് ബിൻ മൂസായിൽനിന്ന് നിവേദനം; നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു സത്യത്തെ ഉമറിന്റെ നാവിലും മനസ്സിലും സ്ഥാപിച്ചു. അദ്ദേഹം ഫാറൂഖാണ്. കാരണം അല്ലാഹു അദ്ദേഹം മുഖേന സത്യവും അസത്യവും വേർതിരിച്ചു.*(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 4, പേജ് 143, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലെബ്നാൻ)*

ഹദ്റത്ത് ഉമർ(റ) നല്ല പൊക്കമുള്ളയാളും നല്ല കരുത്തനുമായിരുന്നു. തലയുടെ മുൻഭാഗത്ത് മുടിയു ണ്ടായിരുന്നില്ല. ചെമപ്പ് കലർന്ന നിറമായിരുന്നു. മീശ ഇടതൂർന്നതായിരുന്നു. അതിന്റെ അറ്റങ്ങളിൽ ചെമപ്പ് സ്ഫുരിച്ചിരുന്നു. അവിടത്തെ കവിളുകൾ മാർദവമുള്ളതായിരുന്നു. *(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം4, പേജ് 484, ഉമർ ബിൻ ഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)*

അദ്ദേഹത്തിന്റെ ജാഹ്‌ലിയ കാലഘട്ടത്തിലെ വിനോദങ്ങളെ കുറിച്ച് വരുന്നുണ്ട്. കുതിരസവാരിയും ഗുസ്തിപിടിത്തവും അദ്ദേഹത്തിന്റെ ഇഷ്ടവിനോദമായിരുന്നു. 'ഉക്കാള്' മേളയിൽ എല്ലാം വർഷവും ഗുസ്തിപിടിത്തത്തിൽ ഹദ്റത്ത് ഉമർ തന്നെയായിരുന്നു വിജയിച്ചിരുന്നത്. യുവത്വത്തിൽ പൊതു പാരമ്പര്യമനുസരിച്ച് തന്റെ പിതാവിന്റെ ഒട്ടകങ്ങളെ മേയ്ക്കാറുണ്ടായിരുന്നു. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദ് ഹുസയ്ൻ ഹയ്ക്കിൽ, (പരിഭാഷ), പേജ് 51-52, പ്രസാധകർ ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

ഇസ്‌ലാമിനുമുമ്പേ പൊതുവെ അറബികൾക്കിടയിൽ എഴുത്തിന്റേയും വായനയുടേയും സമ്പ്രദായമുണ്ടായിരുന്നില്ല. നബി(സ)തിരുമേനി നിയോഗിതനായപ്പോൾ ഖുറയ്ശി ഗോത്രത്തിൽ വെറും 17 പേരാണ് എഴുതാൻ അറിയുന്നവരുണ്ടായിരുന്നത്. ഹദ്റത്ത് ഉമർ അക്കാലത്ത് എഴുത്തും വായനയും പഠിച്ചിരുന്നു. *(സയ്റുസ്സ്വഹാബ വാള്യം 1, പേജ് 133, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2004)*

ഹദ്റത്ത് ഉമർ(റ)ഖുറയ്ശികളിലെ മാന്യന്മാരിൽപ്പെട്ടയാളായിരുന്നു. ഇസ്‌ലാമിനു മുമ്പേ ഖുറയ്ശികളുടെ ഭാഗത്തുനിന്ന് എമ്പസിയുടെ ചുമതല അദ്ദേഹത്തിനായിരുന്നു. അവരുടെ ഇടയിലോ അല്ലെങ്കിൽ മറ്റുള്ളവരുടെ ഇടയിലോ ഏതെങ്കിലും യുദ്ധമുണ്ടായാൽ അംബാസിഡർ എന്ന നിലയിൽ അവർ ഹദ്റത്ത് ഉമറിനെയാണ് അയച്ചിരുന്നത്. *(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 3, പേജ് 642, ഉമർ ബിൻ ഖത്വാബ്(റ)പ്രസാധകർ ദാറുൽ ഫിക്ർ ബെയ്റുത്ത് 2003)*

ഹബ്ശയിലേക്ക് മുസ്‌ലിമീങ്ങൾ ഹിജ്റത്ത് ചെ

യുന്ന സന്ദർഭത്തിൽ ഹദ്റത്ത് ഉമറിനു പരിചയമുള്ള ചിലർ ഹിജ്റത്ത് ചെയ്യാൻ പോകുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം വളരെ ശോകാർദ്രമായിരുന്നു. അദ്ദേഹം അപ്പോൾ ഇസ്‌ലാം ആശ്ലേഷിച്ചിരുന്നില്ല. മാത്രമല്ല ആരേയും വകവെക്കാതെയുള്ള കഠിന പ്രകൃതവുമായിരുന്നു. ഇതേ കുറിച്ച് ഹദ്റത്ത് ഉമ്മു അബ്ദുല്ലാഹ് ബിൻത് ഹഥ്മ വിവരിക്കുന്നു:'അല്ലാഹുവാണ! ഞങ്ങൾ ഹബ്ശയുടെ മണ്ണിലേക്ക് പുറപ്പെടാൻ ഒരുങ്ങുമ്പോൾ എ ന്റെ ഭർത്താവ് ആമിർ ബിൻ റബിയ എന്തോ കാര്യത്തിനായി പുറത്തു പോയതായിരുന്നു. ആ സന്ദർത്തിൽ ഉമർ ബിൻ ഖത്ത്വാബ് വന്ന് എന്റെ ചാരത്തുനിന്നു. അദ്ദേഹം അപ്പോഴും ശിർക്കിൽത്തന്നെ തുടരുകയായിരുന്നു. ഞങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് പലവിധത്തിലുള്ള കഷ്ടാരിഷ്ടതകൾ സഹിക്കേണ്ടിവന്നിരുന്നു. അവർ പറയുന്നു: അദ്ദേഹം എന്നോടു പറഞ്ഞു, ഉമ്മുഅബ്ദുല്ലാഹ്! എവിടേക്കോ പോകാനുള്ള പുറപ്പാടാണെന്ന് തോന്നുന്നുവല്ലോ? ഞാൻ പറഞ്ഞു: അതെ! അല്ലാഹുവാണ! ഞങ്ങൾ അല്ലാഹുവിന്റെ ഭൂമിയിലേക്ക് എന്തായാലും ഇറങ്ങിപ്പുറപ്പെടുകയാണ്. എവിടേക്കെങ്കിലും പോകുകയാണ്. എവിടെപോകാൻ പറ്റുമെന്ന് നോക്കട്ടെ. അല്ലാഹുവിന്റെ ഭൂമി വളരെ വിശാലമാണ്. നി ങ്ങളാണെങ്കിൽ ഞങ്ങളെ ഒരുപാട് കഷ്ടപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾക്കുമേൽ വളരെ അധികം അക്രമം ചെയ്തിരിക്കുന്നു. ഇപ്പോൾ അല്ലാഹു ഞങ്ങൾക്ക് രക്ഷപ്പെടാനുള്ള മാർഗം ഒരുക്കിയിരിക്കുകയാണ്. ഉമ്മു അബ്ദുല്ലാഹ് വിവരിക്കുകയാണ്. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകട്ടെ. ഉമ്മു അബ്ദുല്ലാഹ് പറയുന്നു: അപ്പോൾ അദ്ദേഹത്തിലുണ്ടായ വിഷമം അതിനുമുമ്പേ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. അതും പറഞ്ഞ് അദ്ദേഹം അവിടെനിന്നു പോയി. അദ്ദേഹത്തെ ഞങ്ങളുടെ യാത്ര വിഷമത്തിലാക്കിയെന്ന് ഞാൻ കരുതുന്നു. ഉമ്മുഅബ്ദുല്ലാഹ് പറയുന്നു: ആമിർ ബിൻ റബീയ പണിപൂർത്തിയാക്കി തിരികെ വന്നപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: അബൂ അബ്ദുല്ലാഹ്! നിങ്ങൾ ഇപ്പോൾ ഉമറിന്റെ അവസ്ഥ കണ്ടിരുന്നുവെങ്കിൽ, അതുപോലെതന്നെ നമ്മെ സംബന്ധിച്ച് അദ്ദേഹത്തിനുള്ള സങ്കടം നിങ്ങൾ കണ്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ആമിർ ബിൻ റബീയ പറഞ്ഞു: അദ്ദേഹം ഇസ്‌ലാം സ്വീരിക്കുമെന്ന് നീ പ്രതീക്ഷിക്കുന്നുണ്ടോ? നീ ഇതുംകണ്ട് അതിൽ പ്രഭാവിതയായിപ്പോയോ? ഞാൻ പറഞ്ഞു:തീർച്ചയായും. അപ്പോൾ ആമിർബിൻ റബീയ പറഞ്ഞു: അദ്ദേഹം ഒരിക്കലും ഇസ്‌ലാം സ്വീകരിക്കുകയില്ല. നീ കണ്ട വ്യക്തി ഇസ്‌ലാം സ്വീകരിക്കുകയില്ല. ഖത്ത്വാബിന്റെ കഴുത ഇസ്‌ലാം സ്വീകരിച്ചാലും അതിപ്പോൾ ഉണ്ടാകുകയില്ല. ഉമ്മു അബ്ദുല്ലാഹ് പറയുന്നു: ഹദ്റത്ത് ഉമറിന്റെ ഇസ്‌ലാമിനോടുള്ള ശത്രുതയും കഠിനമനോഭാവവും കണ്ട് നിരാശനായിട്ടായിരുന്നു ആമിർ റബീയ അപ്രകാരം പറഞ്ഞത്. *(സീറത്ത് ഇബ്നു ഹിശാം പേജ് 159, ബാബു ദിക്റു ഇസ്‌ലാം ഉമർ ബിൻ ഖത്ത്വാബ്(റ), പ്രസാധകർ ദാറു ഇബ്നു ഹസം ബെയ്റുത്ത് 2009)*

ഇത്ര കഠിന ശത്രു ഇസ്‌ലാം എങ്ങനെ സ്വീകരിക്കാനാണ്. ഈ സംഭവത്തെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ സ്വതസിദ്ധമായ ശൈലിയിൽ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഹദ്റത്ത് ഉമറിന് ഇസ്‌ലാമിനോടു കൊടിയ ശത്രുതയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഉള്ളിൽ ആത്മീയമായ കഴിവുമുണ്ടായിരുന്നു. അതായത് അത്യധികം കോപിക്കുന്ന പ്രകൃതമായിരുന്നിട്ടും നബി(സ)തിരുമേനിയുടെ സ്വഹാബത്തിന് പ്രയാസങ്ങളുണ്ടാക്കുമായിരുന്നിട്ടും അദ്ദേഹത്തിനുള്ളിൽ ആർദ്രമായ വികാരവുമുണ്ടായിരുന്നു. ഹബ്ശയിലേക്കുള്ള ഹിജ്റത്തിനായി മുസ്‌ലിമീങ്ങൾ, മുശ്രിക്കീങ്ങൾ അവരെ തടയാതിരിക്കാനും പ്രയാസങ്ങളിൽ അവരെ അപ്പെടുത്താതിരിക്കാനും വേണ്ടി സ്വുബ്ഹി നമസ്കാരത്തിനു മുമ്പേ മക്കയിൽനിന്ന് പുറപ്പെടാനുള്ള തയ്യാറെടുപ്പ് നടത്തി. മക്കയിൽ ഒരു പതിവുണ്ടായിരുന്നു. ചില നഗരപ്രമാണികൾ രാത്രി കാലങ്ങളിൽ നഗരം മുഴുവൻ റോന്തുചുറ്റുമായിരുന്നു. മോഷണങ്ങളും മറ്റും തടയുന്നതിനായിരുന്നു അത്. ഊടുവഴികളിലൊക്കെ അവർ ചുറ്റുമായിരുന്നു. ഈ നടപ്പനുസരിച്ച് ഹദ്റത്ത് ഉമറും രാത്രി റോന്തിന്നിറങ്ങിയതായിരുന്നു. അപ്പോൾ ഒരു വീട്ടിലെ സാധനസാമഗ്രികളെല്ലാം ഒരിടത്ത് കെട്ടിപ്പൊതിഞ്ഞ് വെച്ചിരിക്കുന്നത് കണ്ടു. അദ്ദേഹം അങ്ങോട്ടേക്ക് ചെന്നു. ഒരു സ്വഹാബിയ അവിടെ നിൽപുണ്ടായിരുന്നു. അവരുടെ ഭർത്താവുമായി ഉമറിന് ബന്ധമുണ്ടായിരുന്നു. അതിനാൽ ഹദ്റത്ത് ഉമർ പറഞ്ഞു:സഹോദരീ! ഇതെന്താണ് കാര്യം? നിങ്ങൾ ഏതോ വലിയ യാത്രയ്ക്കു പോകുകയാണെന്ന് തോന്നുന്നല്ലോ? അവരുടെ ഭർത്താവ് അവിടെ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ ചിലപ്പോൾ മക്കയിലെ മുശ്രിക്കീങ്ങളുടെ ശത്രുതയും തീവ്രതയും കണക്കിലെടുത്ത് ഹദ്റത്ത് ഉമറിന്റെ ചോദ്യം കേട്ടാൽ എന്തെങ്കിലും ഒഴികഴിവ് പറഞ്ഞേക്കാൻ ഇടയുണ്ടായിരുന്നു. പോകുന്നോ ഇല്ലെന്നോ എന്ന് അല്ലെങ്കിൽ ചെറിയ യാത്രയെന്നോ മറ്റോ. എങ്ങോട്ടാണ് പോകുന്നതെന്ന കാര്യം അടുത്തേതെങ്കിലും സ്ഥലത്തേക്കാണെന്നും മറ്റും പറഞ്ഞ് കഴിച്ചിലായേനെ. എന്നാൽ, മുസ്‌ലിഹ് മൗഊദ്(റ)പറുന്നു: ആ സ്ത്രീക്ക് അങ്ങനെയൊന്നും തോന്നിയില്ല. അവർക്ക് ആ ചിന്തയുമുണ്ടായില്ല. അല്ലെങ്കിൽ അങ്ങനെ ചിന്തിച്ചിരുന്നെങ്കിൽകൂടി അവർ സത്യം പറഞ്ഞതുമാകാം. ആ സ്വഹാബിയ പറഞ്ഞു: ഉമറേ! ഞങ്ങൾ മക്ക ഉപേക്ഷിച്ചുപോകുന്നതിന്റെ കാരണം നിങ്ങളും നിങ്ങളുടെ സഹോദരന്മാരും ഞങ്ങൾ ഇവിടെ നില്ക്കുന്നത് ഇഷ്ടപ്പെടാത്തതാണ്. ഏകനായ ദൈവത്തെ ആരാധിക്കാൻ ഇവിടെ സ്വാതന്ത്ര്യമില്ല. ഇക്കാരണത്താലാണ് ഞങ്ങൾ സ്വദേശം വെടിഞ്ഞ് പരദേശത്തേക്ക് പോകുന്നത്. എന്നാൽ, ഹദ്റത്ത് ഉമർ ഇസ്‌ലാമിന്റെ കഠിനവിരോധിയായിരുന്നിട്ടുകൂടി അദ്ദേഹം മുസ്‌ലിമീങ്ങളെ മർദിക്കാൻ സന്നദ്ധനായി നില്ക്കുമായിരുന്നിട്ടുകൂടി രാത്രിയുടെ അന്ധകാരത്തിൽ ഞങ്ങൾ സ്വദേശം വിടുകയാണെന്ന് ആ സ്വഹാബിയായുടെ മറുപടി കേട്ടപ്പോൾ അതായത് നിങ്ങളും നിങ്ങളുടെ സഹോദരന്മാരും ഞങ്ങൾ ഇവിടെ താമസിക്കുന്നത് ഇഷ്ടപ്പെടുന്നില്ല, ഏകനായ ദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെ ഇല്ല എന്നു കേട്ടപ്പോൾ ഹദ്റത്ത് ഉമർ തന്റെ മുഖം മറുഭാഗത്തേക്ക് തിരച്ചു. എന്നിട്ട് ആ സ്വഹാബിയായുടെ പേരെടുത്തുകൊണ്ട് പറഞ്ഞു: ശരി പൊയ്ക്കൊള്ളുക. ദൈവം നിങ്ങളെ രക്ഷിക്കുമാറാകട്ടെ. ഇതിൽനിന്ന് മനസ്സിലാകുന്നത് ഉമറിന് അതിയായ മനോവേദന അനുഭവപ്പെട്ടുവെന്നും മറുവശത്തേക്ക് മുഖം തരിച്ചില്ലെങ്കിൽ കരഞ്ഞുപോയേക്കാമെന്ന് അദ്ദേഹം കരുതിയിരുന്നുവെന്നുമാണ്. അപ്പോഴേക്കും ആ സ്വഹാബിയായുടെ ഭർത്താവ് വന്നു. ഹദ്റത്ത് ഉമർ ഇസ്‌ലാമിന്റെ കൊടിയ ശത്രുവാണെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അദ്ദേഹം അവിടെ ഉമർ നില്ക്കുന്നതുകണ്ടപ്പോൾ അദ്ദേഹം വല്ല തടസ്സവുമുണ്ടാക്കുമെന്നു കരുതി ധിറുതിയിൽ തന്റെ ഭാര്യയോടു ചോദിച്ചു: ഇദ്ദേഹം എങ്ങനെ ഇവിടെയെത്തി? ഇങ്ങനെ ഇങ്ങനെയൊക്കെ നടന്നുവെന്ന് അവർ പറഞ്ഞു. നിങ്ങളെവിടേക്കാണ് പേകുന്നതെന്ന് അദ്ദേഹം ചോദിച്ചദായും പറഞ്ഞു. ഉമർ വല്ലതും ചെയ്തേക്കാമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം വരുന്നതുകണ്ടപ്പോൾ അല്ലെങ്കിൽ അടുത്തെത്താറായപ്പോൾ ഹദ്റത്ത് ഉമർ അവിടെ നിന്ന് പോയതാകാം. അല്ലെങ്കിൽ കണ്ട ശേഷം അവിടെനിന്ന് പോയതുമാകാം. എന്തായാലും അദ്ദേഹം പറഞ്ഞു, ഉമർ വല്ല ഉപദ്രവവും ചെയ്താലോ? അപ്പോൾ ആ സ്ത്രീ പറഞ്ഞു, എ ന്റെ പിതൃവ്യപുത്രാ!അറേബ്യൻ സ്ത്രീകൾ പൊതുവെ തങ്ങളുടെ ഭർത്താക്കന്മാരെ എളാപ്പായുടെ മകനേ എന്നായിരുന്നു വിളച്ചിരുന്നത്. പറഞ്ഞു: താങ്കൾ പറയുന്നു, അദ്ദേഹം ദ്രോഹിക്കാതിരുന്നാൽ മതിയെന്ന്! ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം ഒരുനാൾ മുസ്‌ലിമാകുന്നതായിരിക്കും. ഞാൻ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു: ഉമറേ! നിങ്ങളും നിങ്ങളുടെ സഹോദരന്മാരും ഏകദൈവത്തെ സ്വാതന്ത്ര്യത്തോടെ ആരാധിക്കാൻ ഞങ്ങളെ അനുവദിക്കുന്നില്ല. അപ്പോൾ 'ശരി, നിങ്ങൾ പൊയ്ക്കൊ ള്ളുക, അല്ലാഹു നിങ്ങളുടെ സംരക്ഷകനായിരിക്കട്ടെ' എന്ന് അദ്ദേഹം മുഖം തിരിച്ചുകൊണ്ടു പറഞ്ഞു. ആ ശബ്ദത്തിൽ വേദനയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നതായും ഞാൻ കരുതുന്നു. അതുകൊണ്ട് എന്തായാലും ഒരുനാൾ അദ്ദേഹം മുസ്‌ലിമാകുന്നതാണ്.*(തഫ്സീറെ കബീർ വാല്യം 6, പേജ് 140-141)*

ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിക്കുന്നതിന് നബി(സ) തിരുമേനി ദുആകളും ചെയ്തിട്ടുണ്ട്. അതേ കുറിച്ച് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: **അല്ലാഹുമ്മഅഇസ്സൽ ഇസ്ലാമ ബിഅഹബ്ബി ഹാദയ്നിർറജുലയ്നി ഇലയ്ക്ക ബി അബീജഹ് ലിൻ ഔ ബിഉമറബ്നിൽഖത്ത്വാബ്** അല്ലാഹുവേ! അബൂജഹ്ൽ, ഉമർ ബിൻ ഖത്ത്വാബ് എന്നിവരിൽ നിനക്ക് കൂടുതൽ പ്രിയപ്പെട്ടയാൾ മുഖേന ഇസ്‌ലാമിന് അന്തസ് പ്രദാനം ചെയ്താലും. ഇബ്നു ഉമർ പറയുന്നു: ഇവരിരുവരിൽ അല്ലാഹുവിന് കൂടുതൽ ഇഷ്ടപ്പെട്ടത് ഹദ്റത്ത് ഉമറിനെയായിരുന്നു.*(സുനനു ത്തിർമുദി, അബ്‌വാബുൽമനാഖിബ്, ബാബു ഫീ മനാഖിബി അബീ ഹഫ്സ് ഉമർ ബിൻ ഖത്ത്വാബ്, ഹദീഥ് നമ്പർ 3681)*

ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: **അല്ലാഹുമ്മ അയ്യിദിദ്ദീന ബി ഉമറബ്നിൽഖത്ത്വാബി** അല്ലാഹുവേ! ഉമർ ബിൻ ഖത്ത്വാബ് മുഖേന ദീനിനെ സഹായിക്കേണമേ.

ഹദ്റത്ത് ആഇശാ(റ) വിവരിച്ചു: നബി(സ)തിരുമേനി പറഞ്ഞു: **അല്ലാഹുമ്മ അഇസ്സൽ ഇസ്ലാമ ബി ഉമറബ്നിൽഖത്ത്വാബി ഖാസ്സത്തൻ** അല്ലാഹുവേ! പ്രത്യേകമായ നിലയിൽ ഉമർ ബിൻ ഖത്ത്വാബ് മുഖേന ഇസ് ലാമിന് അന്തസ്സ് നല്കേണമേ. *(മുസ്തദർക് ലിൽഹാക്കിമി അലസ്സ്വഹീഹയ്ൻ, വാല്യം 3, പേജ് 86, കിതാബു മുഅ്രിഫത്തുസ്സ്വഹാബ, ബാബു മിൻ മനാഖിബി അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, ഹദീഥ് നമ്പർ 4483- 4485, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിക്കുന്നതിന് ഒരു ദിവസം മുമ്പേ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തു: **അല്ലാഹുമ്മ അയ്യിദിൽ ഇസ്ലാമ ബി അഹബ്ബിർറജുലയ്നി ഇലയ്ക്ക ഉമറബ്നിൽഖത്ത്വാബി ഔ അംറിബ്നി ഹിശാമിൻ** അല്ലാഹുവേ! ഈ രണ്ട് ആളുകളിൽ

നിന്ന് ആരെയാണോ നീ കൂടുതൽ ഇഷ്ടപ്പെടുന്നത് അയാൾ മുഖേന ഇസ്‌ലാമിനെ സഹായിച്ചാലും; ഉമർ ബിൻ ഖത്ത്വാബ് അല്ലെങ്കിൽ അംറ് ബിൻ ഹിശാം; ഉമറബ്നിൽഖത്ത്വാബി ഔ അംറിബ്നി ഹിശാമിൻ ഉമർ ബിൻ ഖത്ത്വാബിനെക്കൊണ്ട് അല്ലെങ്കിൽ അംറ് ബിൻ ഹിശാമിനെക്കൊണ്ട്!ഹദ്‌റത്ത് ഉമർ ഇസലാം സ്വീകരിച്ചപ്പോൾ ഹദ്‌റത്ത് ജിബ്‌രീൽ(അ) ഇറങ്ങി. പറഞ്ഞു:'മുഹമ്മദേ! ഉമർ ഇസ്‌ലാം സ്വീകരിച്ചതുകൊണ്ട് ആകാശത്തുള്ളവരും സന്തോഷത്തിലാണ്. ത്വബഖാത്തുൽ കുബ്‌റായിലെ നിവേദനമാണ്.*(അത്ത്വബഖാത്തുൽകുബ്‌റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 143, ബാബു ഇസ്‌ലാം ഉമർ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്‌റുത്ത് ലബ്‌നാൻ 1996)*

ഹദ്‌റത്ത് ഉമറിന്റെ ഇസ്‌ലാം സ്വീകരണത്തെ കുറിച്ച് കൂടുതൽ വന്നിട്ടുള്ളത് ഇതാണ്, ഹദ്‌റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ദുൽഹജ്ജ് മാസം 6 നബ്‌വിയിലാണ് ഇസ്‌ലാം സ്വീകരിച്ചത്. *(അത്ത്വബഖാത്തുൽകുബ്‌റാ വാള്യം 3, പേജ് 204, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ 1990)*

ഉമർ ഇസ്‌ലാം സ്വീകരിച്ചതുമായ ബന്ധപ്പെട്ട് അനേകം റിപ്പോർട്ടുകൾ ഹദീഥിന്റേയും ചരിത്രത്തിന്റേയും ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാം സ്വീകരിക്കുന്നതു സംബന്ധിച്ച് ഇങ്ങനെ ഒരു നിവേദനമുണ്ട്. സീറത്തുൽഹൽബിയ്യായിലെ നിവേദനമാണ്. ഒരിക്കൽ അബൂജഹ്‌ൽ ജനങ്ങളോടു പറഞ്ഞു:'ഖുറയ്ശീ സമൂഹമേ! മുഹമ്മദ് നിങ്ങളുടെ ആരാധ്യരെക്കുറിച്ച് ദുഷിച്ചു പറയുന്നു. നിങ്ങൾ ബുദ്ധിശൂന്യരാണെന്നും പ്രഖ്യാപിക്കുന്നു. നിങ്ങളുടെ പൂർവികരെക്കുറിച്ച് അവർ നരകാഗ്നിയുടെ ഇന്ധനമായിക്കൊണ്ടിരിക്കുകയാണെന്നും പറയുന്നു. അതുകൊണ്ട് ഞാൻ വിളംബരപ്പെടുത്തുകയാണ്, മുഹമ്മദിനെ വധിക്കുന്നയാൾ ചെമപ്പും കറുപ്പും കലർന്ന നിറമുള്ള നൂറ് ഒട്ടകത്തിനും വെള്ളിയുടെ ആയിരം ഔഖിയായ്ക്കും അവകാശിയായിരിക്കും. ഒരു ഔഖിയായുടെ മൂല്യം 40 ദിർഹമിന്റേതാണ്. അതായത് ഏകദേശം 126 ഗ്രാം. ചിലരുടെ പക്കൽ ഇതിനെക്കാളും കൂടുതലാണ്. എന്തായാലും വളരെ വലിയൊരു തുകയായിരുന്നു അത്. അത് അയാൾ സമ്മാനമായി നിശ്ചയിച്ചു. മറ്റൊരു നിവേദനം ഇങ്ങനെയാണ്. മുഹമ്മദ് (സ)നെ കൊല്ലുന്നയാൾക്ക് ഇത്ര ഔഖിയാ സ്വർണം, ഇത്ര ഔഖിയാ വെള്ളി, ഇത്രഅളവിൽ കസ്തൂരി, ഇത്ര അളവിൽ വിലപിടിച്ച വസ്ത്രങ്ങൾ ഇതുകൂടാതെ ഒരുപാട് വസ്തുക്കളും സമ്മാനമായി പ്രഖ്യാപിച്ചു. ഇതുകേട്ട് ഹദ്‌റത്ത് ഉമർ പറഞ്ഞു:ഞാൻ ഈ സമ്മാനത്തിന് അർഹനാകുന്നതായിരിക്കും. ഒരു സംശയുവുമില്ല, താങ്കൾ തന്നെയായിരിക്കും ഇതിന്റെ അവകാശിയെന്ന് ആളുകൾ പറഞ്ഞു. അതിനുശേഷം ഉമർ അവരുമായി ഔദ്യോഗികമായി കരാർ ചെയ്തു. ഹദ്‌റത്ത് ഉമർ(റ)പറയുന്നു:അതിനുശേഷം ഞാനെന്റെ നഗ്നമായി വാള് തോളിലിട്ട് നബി(സ)തിരുമേനിയെ തിരഞ്ഞു പുറപ്പെട്ടു. വഴിയിൽ കാളക്കുട്ടിയെ അറുക്കുന്ന ഒരു സ്ഥലത്തൂടെ പോകുമ്പോൾ ഞാൻ കാളക്കുട്ടിയുടെ വയറ്റിൽനിന്ന് ശബ്ദം കേട്ടു. ദരീഹ് കുടുംബമേ!(ദരീഹ് എന്നത് ആ കാളക്കുട്ടിയുടെ പേരായിരുന്നു). ഒരു വിളിയാളൻ വിളിച്ചുകൊണ്ടിരിക്കുന്നു. വ്യക്തമായ ശബ്ദത്തിൽ പറയുന്നു, അല്ലാഹുവിനെക്കൂടാതെ ഒരു ആരാധ്യനുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുന്നതിനും വിളിച്ചുകൊണ്ടിരിക്കുന്നു. ഉമർ(റ)പറയുന്നു: ഞാനെന്നോടുതന്നെ പറഞ്ഞു, അതിൽ എനിക്കുള്ള സൂചനായാണുള്ളത്.*(ലുഗാത്തിൽ ഹദീഥ് വാള്യം 4, പേജ് 527) (അസ്സീറത്തുൽഹൽബിയ്യ, വാള്യം 1, പേജ് 470, ബാബു അൽഹിജ്‌റത്തുൽഊലാ ഇലൽഅർളിൽഹബ്ശ...പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റുത്ത് 2002)*

സീറത്തുൽഹൽബിയ്യായിലെ ഈ നിവേദനം ശരിയാണെങ്കിൽ അത് ഏതോ ജാഗ്രദർശനമാണെന്ന് തോന്നുന്നു. അതു അവിടെ അദ്ദേഹം ആ നേരത്ത് കാണുകയോ അല്ലെങ്കിൽ അശരീരി കേൾക്കുകയോ ചെയ്തു.

ഉമർ(റ)ന്റെ ഇസ്‌ലാം മത സ്വീകരണവുമായി ബന്ധപ്പെട്ട് മൂന്നാമതൊരു നിവേദനം ഇപ്രകാരം ലഭിക്കുന്നുണ്ട്. ഹദ്‌റത്ത് ഉമർ(റ) നിവേദനം. ഞാൻ ഒരിക്കൽ ത്വവാഫ് ചെയ്യാൻ ഹറമിലേക്ക് പോയി. ആ സമയത്ത് നബി(സ)തിരുമേനി അവിടെ നസ്കരിക്കുകയായിരുന്നു. അവിടന്ന് നമസ്കരിക്കുമ്പോൾ സിറിയയുടെ നേരെ മുഖം തിരിച്ചാണ് നിന്നിരുന്നത്. അതായത് ബയ്ത്തുൽമുഖദ്ദസിന്റെ കല്ലിന്റെ ഭാഗത്തേക്ക്. അങ്ങനെ നബി(സ)തിരുമേനി തന്റേയും ബയ്ത്തുൽമുഖദ്ദസിന്റേയും ഇടയിൽ കഅ്ബ വരുന്ന വിധത്തിലായിരുന്നു നിന്നിരുന്നത്. അതുപോലെ നബി(സ)തിരുമേനി നമസ്കാരത്തിന് ഹജ്‌ർ അസ്‌വദിന്റേയും റുക്ന് യമാനിയുടേയും മധ്യത്തിലായിരുന്നു നിന്നിരുന്നത്. റുകുൻ യമാനി എന്നത് യമന്റെ ഭാഗത്തേക്കുള്ള കഅ്ബയുടെ തെക്കുകിഴക്ക് മൂലയാണ്. കാരണം അങ്ങനെയല്ലാതെ ബയ്ത്തുൽമുഖദ്ദസിനെ അഭിമുഖീകരിക്കാനാകില്ലായിരുന്നു. ഹദ്‌റത്ത് ഉമർ പറയുന്നു:ഞാൻ നബി(സ)തിരുമേനിയെ കണ്ടപ്പോൾ മുഹമ്മദ് പറയുന്നത് എന്താണെന്നറിയാൻ ഇന്നു രാത്രി മുഹമ്മദിന്റെ വചനങ്ങൾ കേട്ടാലോ എന്ന് ഞാൻ ആലോചിച്ചു. എന്നാൽ, അടുത്തുപോയാൽ നബിതിരുമേനിയുടെ ഏകാന്തത നഷ്ടപ്പെടുത്തുന്നവനായി ഞാൻ മാറുമോ എന്ന് ചിന്തിച്ചു. അതുകൊണ്ട് ഞാൻ ഹജ്‌റുൽഅസ്‌വദിന്റെ ഭാഗത്തൂടെ പോയി. കഅ്ബാലയത്തിന്റെ ഖില്ലയുടെ പിന്നിൽ മറഞ്ഞ് പതിയെ മുന്നോട്ടുപോയി. നബി(സ)തിരുമേനി നമസ്കാരത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോൾ നബി(സ)തിരുമേനി സൂറത്തുർറഹ്‌മാനായിരുന്നു പാരായണം ചെയ്തിരുന്നത്. ഞാൻ നബി(സ)തിരുമേനിയുടെ നേരെ മുമ്പിലെത്തി. നബിയുടെ മുഖമുള്ള ഭാഗത്തെത്തി. എന്റേയും നബി(സ)തിരുമേനിയുടേയുമിടയിൽ കഅ്ബയുടെ ഖില്ലയല്ലാതെ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ വിശുദ്ധഖുർആൻ കേട്ടപ്പോൾ എന്റെ മനസ്സ് അലിഞ്ഞുപോയി. ഞാൻ പൊട്ടിക്കരഞ്ഞു. അങ്ങനെ ഇസ്‌ലാം എന്റെ ഉള്ളിൽ പ്രവേശിച്ചു. ഞാൻ അതേപോലെ അവിടെത്തന്നെ നിന്നു. നബി(സ)തിരുമേനി നമസ്കാരം പൂർത്തിയാക്കി അവിടെനിന്നു മടങ്ങിപ്പോകുകയായിരുന്നു. ഞാൻ നബി(സ)തിരുമേനിയുടെ പിന്നാലെ നടന്നു. എന്റെ കാൽപെരുമാറ്റം കേട്ടപ്പോൾ എന്നെ തിരിച്ചറിഞ്ഞു. ഞാൻ നബി(സ)തിരുമേനിയെ പ്രയാസപ്പെടുത്താനാണ് പിറകെ കൂടിയിരിക്കുന്നതെന്ന് അവിടന്ന് കരുതി. എന്നെ ശകാരിച്ചുകൊണ്ട് പറഞ്ഞു:ഇബ്നു ഖത്ത്വാബേ! ഇത്രയും വൈകിയനേരത്ത് നീ എന്തുദ്ദേശ്യത്തോടെയാണ് വന്നത്? ഞാൻ പറഞ്ഞു: അല്ലാഹുവിലും അവന്റെ ദൂതനിലും അങ്ങയ്ക്കിറങ്ങിയ ഗ്രന്ഥത്തിലും ഈമാൻകൊള്ളാൻ വേണ്ടി ഞാൻ വന്നതാണ്.

നാലാമതൊരു നിവേദനം ഇപ്രകാരമുണ്ട്. ഹദ്‌റത്ത് ഉമർ(റ)പറയുന്നു: ഒരു രാത്രി എന്റെ സഹോദരിക്ക് പ്രസവവേദന വന്നു. ഞാൻ ദുആ ചെയ്യാനായി വീട്ടിൽനിന്ന് ഇറങ്ങി പുറപ്പെട്ട് കഅ്ബയുടെ ഖില്ലയിൽ ദുആ ചെയ്യാനായി ചുറ്റിപ്പിടിച്ചു. അപ്പോൾ നബി(സ)തിരുമേനി അവിടെ വന്നു. ഹജ്‌റുൽഅസ്‌വദിന്റെ അടുത്ത് അല്ലാഹു അനുഗ്രഹിച്ചത്ര നമസ്കരിച്ചു. പിന്നീട് നബി(സ)തിരുമേനി പോയി. അപ്പോൾ ഞാൻ മുമ്പൊരിക്കലും കേൾക്കാത്ത വചനം കേൾക്കുകയുണ്ടായി. നബി(സ)തിരുമേനി അവിടെനിന്ന് മടങ്ങിപ്പോകുമ്പോൾ ഞാൻ നബിയെ പിന്തുടർന്ന് നടന്നു. ആരാണതെന്ന് നബി(സ)തിരുമേനി ചോദിച്ചു. ഉമറാണെന്ന് ഞാൻ പറഞ്ഞു. ഉമറേ! താങ്കളെന്നെ രാവുംപകലും വെറുതെ വിടില്ലെന്നാണോ? ഇതു കേട്ടപ്പോൾ നബി(സ)തിരുമേനി എനിക്കെതിരെ ശാപപ്രാർഥന നടത്തുമോ എന്ന് ഞാൻ ഭയന്നു. ഞാനുടനെ പറഞ്ഞു: **അശ്‌ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹു വ അന്നക്ക റസൂലുല്ലാഹ്** അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഉമറേ! താങ്കൾ താങ്കളുടെ ഇസ്‌ലാം മറച്ചുവെക്കാനാഗ്രഹിക്കുന്നവോ? ഇല്ലെന്ന് ഞാൻ പറഞ്ഞു. അങ്ങയെ സത്യമതവുമായി അയച്ചവനെക്കൊണ്ടു സത്യം! ഞാനെന്റെ ഇസ്‌ലാമിനേയും മുമ്പേ എന്റെ ശിർക്കിനെ വെളിപ്പെടുത്തിയപോലെ വിളംബരം ചെയ്യുന്നതായിരിക്കും. അതു കേട്ടപ്പോൾ നബി(സ)തിരുമേനി അല്ലാഹുവിനെ സ്തുതിച്ചു. എന്നിട്ടു പറഞ്ഞു: ഉമറേ! അല്ലാഹു താങ്കളെ സന്മാർഗത്തിൽ ഉറപ്പിച്ചു നിറുത്തുമാറാകട്ടെ. അതിനുശേഷം എന്റെ നെഞ്ചിൽ കൈതടവിക്കൊണ്ട് എനിക്ക് സ്ഥൈര്യം ലഭിക്കാനായി ദുആ ചെയ്തു. അങ്ങനെ ഉമർ നബി(സ)തിരുമേനിയുടെ അടുത്തുനിന്നുപോയി. നബി(സ)തിരുമേനി വീട്ടിലേക്ക് പോകുകയും ചെയ്തു. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം 1, പേജ് 469, ബാബു അൽഹിജ്‌റത്തുൽഊലാ ഇലൽഅർളിൽഹബ്ശ..........പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റുത്ത് 2002) (ഫർഹങ്കെ സീറത്ത് പേജ് 135)*

(ശേഷം പേജ് 8 ൽ)

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

***(സ്വഹീഹ് മുസ്‌ലിം)***

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

**(മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## ഇസ്‌ലമാബാദ് ടിൽഫോർഡിൽനിന്ന് നിർഗമനവും നൺസ്പീറ്റ് (ഹോളണ്ട്) മസ്ജിദ് നൂറിൽ ആഗമനവും.

2019 സെപ്റ്റംബർ 25 (ബുധനാഴ്ച)

യൂ.കെ. ഇസ്‌ലാമാബാദിലെ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ അന്തർദേശീയ കേന്ദ്രത്തിൽനിന്ന് ഹോളണ്ട്, ഫ്രാൻസ്, ജർമനി തടങ്ങിയ രാജ്യങ്ങളിലേക്ക് ഹുദൂർ അയ്യദഹുല്ലാഹ് നടത്തുന്ന രണ്ടാ മത്തെ പര്യടനത്തിനാണ് 2019 സെപ്റ്റംബർ 25-ന് തുടക്കം കുറിച്ചത്. രാവിലെ 09.50-ന് ഹുദൂർ താമസസ്ഥലത്തു നിന്ന് പുറത്തു വന്നു. തങ്ങളുടെ പ്രിയ ഇമാമിനെ യാത്രയയക്കാൻ ആബാലവൃദ്ധം അഹ്മദി സ്ത്രീ പുരുഷന്മാരും കുട്ടികളും മസ്ജിദ് മുബാറക്കിന്റെ പുറത്തുള്ള വളപ്പിൽ രാവിലേ തന്നെ സംഘടിച്ചിരുന്നു. കുറച്ചു സമയം ജമാഅത്തം ഗങ്ങളുടെ ഇടയിൽനിന്ന ഹുദൂർ എല്ലാവർക്കും ദർശനം നല്കി. തുടർന്ന് ദുആക്ക് നേതൃത്വം നല് കിയ ഹുദൂർ കൈയുയർത്തി എല്ലാവരോടുമായി അസ്സലാമു അലയ്ക്കും പറഞ്ഞു. അതിനുശേഷം കടലോര പട്ടണമായ ഡോവറി(Dover)ലേക്ക് അഞ്ചു വാഹനങ്ങളുടെ അകമ്പടിയോടെ യാത്രയായി.

ഡോവർ(Dover) ബ്രിട്ടനിലെ ഒരു പ്രസിദ്ധ തുറമുഖമാണ്. ലണ്ടനിലും പരിസരത്തുമുള്ളവർ ഇതര യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഫെറികൾ (എല്ല്യശലെ) മുഖേന യാത്ര ചെയ്യുമ്പോൾ ഈ തുറമുഖം വഴിയാണ് പോകുന്നത്. ഡോവർ പട്ടണം എത്തുന്നതിന് 11 മൈൽ മുമ്പേ ഫോക്സ്റ്റോൺ(Folkstone)പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധ ചാനൽ ടണൽ(Channel Tunnel)ബ്രിട്ടനെ ഫ്രാൻസുമായി കടലോരമേഖലയിലൂടെ ബന്ധിപ്പിക്കുന്നു. ഈ ടണൽ(tunnel) മുഖേന കാറുകളും ഇതര വാഹനങ്ങളും ട്രെയിൻ മുഖേന ഫ്രാൻസിലെ കടലോര തുറമുഖമായ ക്ലൈസി(Calais)ലേക്ക് എത്തിക്കുന്നു. ഹുദൂറിന്റെ പര്യടനവും ഇതേ ടണലിലൂടെയായിരുന്നു. യൂ.കെ.നാഇബ് അമീർ മൻസ്വൂർ അഹ്മദ് ശാഹ് സാഹിബ്, മുബല്ലിഗ് ഇനൻചാർജ് യൂ.കെ അത്വാഉൽ മുജീബ് റാശിദ് സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ മുബാറക് അഹ്മദ് സാഹിബ്, പ്രിൻസിപ്പാൾ ജാമിആ അഹ്മദിയ്യ നാസ്വിർ ഇനാം സാഹിബ്, വക്കാലത്ത് തബ്ശീറിലെ അഖ്‌ലാഖ് അഹ്മദ് അഞ്ചും സാഹിബ്, യൂ.കെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നാഇബ് സ്വദ്ർ, യൂ.കെ. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ മുഹ്തമിം സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിനെ യാത്രയയക്കാൻ എത്തിയിരുന്നു. ഏകദേശം ഒരു മണിക്കൂറും നാൽപത് മിനിറ്റിനും ശേഷം 11.30-ന് ചാനൽ ടണലിലെത്തി. യാത്രയയക്കാൻ ഇസ്‌ലാമാബാദിലൽനിന്നു ഒപ്പം വന്നവർ തങ്ങളുടെ പ്രിയ ഇമാമിന് യാത്രയയപ്പ് നല്കി അവിടെ നിന്നും മടങ്ങി.

എമിഗ്രേഷനും മറ്റു യാത്രാസംബന്ധവമായ കാര്യങ്ങളും പൂരർത്തിയാക്കിയതിന്നുശേഷം കുറച്ച് സമയത്തേക്ക് ഹുദൂർ സ്പെഷ്വലൽ ലോഞ്ചിലേക്ക് പോയി. ഏകദേശം 12.15-നു യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ട്രെയിനിൽ ബോർഡ് ചെയ്തു. 12.30-ന് 140 കിലോമീറ്റർ സ്പീഡിൽ ഫ്രാനൻസിലേക്ക് പുറപ്പെട്ടു. 31 മൈൽ നീളമുള്ള ഈ ടണൽ 24 മൈലും സമുദ്രാന്തർഭാഗത്തിലൂടെയാണ് കടന്നു പോകുന്നത്. ഇതിന്റെ ഏറ്റവും താഴ്ന്ന ഭാഗം 75 മീറ്റർ അതായ ത് സമനിരപ്പിൽനിന്ന് 250 അടി താഴ്ചയിലാണ്. സമുദ്രാന്തർഭാഗത്ത് ഇതുവരെ നിർമിച്ചിട്ടുള്ള ഏറ്റവും വലിയ ടണലാണിത്. ഏകദേശം അര മണിക്കൂർ യാത്രയ്ക്കുശേഷം ഫ്രാൻസ് സമയമനുസരിച്ച് 2.00 മണിക്ക് ക്ലൈസി(Calais)ലെത്തി. ഫ്രാൻസ് സമയം ബ്രിട്ടൺ സമയത്തേക്കാള് ഒരു മണിക്കൂർ മുന്നിലാണ്. ട്രെയിൻ നിന്ന് 5 മിനിറ്റിനുശേഷം വാഹനങ്ങൾ ട്രെയിനിൽനിന്നു പുറത്തേക്ക് വരികയും മോട്ടർവേയിൽ യാത്ര തുടരുകയും ചെയ്തു. ഇവിടെ നിന്ന് ഏതാനും കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു പെട്രോൾ പമ്പിന്റെ പാർക്കിംഗ് ഏരിയായിൽ ഹുദൂറും യാത്രാസംഘവും എത്തി. ഹുദൂറിനെ വരവേൽക്കാൻ ഫ്രാൻസിൽ നിന്ന് ഒരു സംഘം എത്തിയിരുന്നു. അതിനുശേഷം യാത്ര തുടർന്നു.

പരിപാടിയനുസരിച്ച് കുറച്ചു കിലോമീറ്റർ യാത്ര താണ്ടിയതിനുശേഷം മോട്ടർവേയിൽത്തന്നെ സ്ഥിതിചെയ്യുന്ന ക്ലൈസി(Calais)ന്റെ പ്രാന്ത പ്രദേശമായ കോക്ക്ലസി(Coquelles)ലുള്ള ദ ഒറിജിനൽസ് ഹ്യൂമനൻ ഹോട്ടൽ ആന്റ് റിസോർട്ടിൽ(The Orignals Human Hotel & Resort) 2.20-ന് എത്തിയ സംഘം ളുഹ്ർ-അസ്വ്ർ നമസ്കാരം ജംആക്കി നിർവഹിച്ചു. തുടർന്ന് ഉച്ച ഭക്ഷണം കഴിച്ചു. നേരത്തെ ഹുദൂർ വാഹനത്തിൽനിന്ന് ഇറങ്ങിയതും ഫ്രാൻസ് അമീർ അശ്ഫാഖ് റബ്ബാനി സാഹിബ് ഹുദൂറിനെ സ്വാഗതം ചെയ്യുകയും ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു.

ഫ്രാൻസിൽ നിന്ന് ഹുദൂറിനെ വരവേൽക്കാനും ഇവിടുത്തെ സംവിധാനങ്ങൾ ഒരുക്കാനും വേണ്ടി ഫ്രാൻസ് അമീറിനെ കൂടാതെ നാഇബ് അമീർ സാഹിബ് ഫ്രാൻസ് അസ്‌ലം ദോബോരി സാഹിബ്, ജനറൽ സെക്രട്ടറി ഫഹീം അഹ്മദ് നിയാസ് സാഹിബ്, ആഡിയോ വീഡിയോ വിഭാഗത്തിലെ ഐനുൽ ഹാദി സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഫ്രാന്സ് ജമീലുർറഹ്മാൻ സാഹിബ്, നാഇബ് സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ഫ്രാൻസ് അസദ് ഇംതിയാസ് സാഹിബ്, മുഹ്തമിം ഖുദ്ദാമുൽ അഹ്മദിയ്യ ഫ്രാൻസ് ഇംതിയാസ് ഇഫ്തിഖാർ സാഹിബ് തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമി നോടൊപ്പം ഹാജരായിരുന്നു.

ളുഹ്ർ-അസ്വ്ർ നമസ്കാരം നിർവഹിക്കുന്നതിന്നു വേണ്ടി ഹോട്ടലിലെ ഒരു പ്രത്യേക ഹാളിൽ സജ്ജീകരണം ചെയ്തിരുന്നു. 2.35-ന് ളുഹ്ർ-അസ്വ്ർ നമസ്കാരത്തിന് ഹുദൂർ നേതൃത്വം നല്കി. നമസ്കാരത്തിനും ഭക്ഷണത്തിനുംശേഷം ഇവിടെ നിന്ന് ഹോളണ്ടിലെ നൺസ്പീറ്റി(Nunspeet)ലേക്ക് പുറപ്പെട്ടു.

ഹോളണ്ടിൽനിന്ന് അമീർ ഹിബത്തുന്നൂർ ഫർഹാഖുൻ സാഹിബ്, നാഇബ് അമീർ ഹോളണ്ട് അബ്ദുൽ ഹമീദ് ഫാന്ദർ ഫീല്ദൻ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ഹോളണ്ട് നയീം അഹ്മദ് വഡായിച്ച് സാഹിബ്, ജനറൽ സെക്രട്ടറി മുള്വഫ്ഫർ ഹുസയ്ൻ സാഹിബ്, സ്വൻഅത്ത് വ തിജാറത്ത് വിഭാഗത്തിന്റെ സെക്രട്ടറി നാസ്വിർ അഹ്മദ് ഡോഗർ സാഹിബ്, സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി സുബയ്ർ അക്മൽ സാഹിബ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്ദിയ്യ സ്വദ്ർ ഉഥ്മാൻ അലി സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിനെ സ്വീകരിക്കാൻ ഹോട്ടലിലെത്തിയിരുന്നു.

പരിപാടി അനുസരിച്ച് ഇവിടെനിന്ന് ഹോളണ്ടിൽ നിന്ന് വന്നിട്ടുള്ള സംഘം ഹുദൂറിന് അകമ്പടി (escort) സേവിച്ച് ഹോളണ്ടിലേക്ക് കൊണ്ടുപോകണമായിരുന്നു. അങ്ങനെ 3.40-ന് ഹോട്ടലിൽ നിന്ന് ഹുദൂർ പുറത്തു വന്നു. ദുആ ചെയ്തു. തുടർന്ന് നൺസ്പീറ്റി(Nunspeet)ലേക്ക് പുറപ്പെട്ടു.

ഇവിടെ നിന്ന് നൺസ്പീറ്റിലേക്കുള്ള ദൂരം 390 കിലോമീറ്ററാണ്. 55 കിലോമീറ്റർ യാത്രയ്ക്കു ശേഷം ഫ്രാൻസ് ബോർഡർ കടന്ന് ബെൽജിയത്തിന്റെ അതിർത്തിയിൽ പ്രവേശിച്ചു. അവിടെ നിന്ന് 190 കിലോമീറ്റർ യാത്രക്കുശേഷം ബോർഡർ കടന്ന് ഹോളണ്ടിൽ പ്രവേശിച്ചു. തുടർന്ന് 145 കിലോമീറ്റർ താണ്ടി ഏകദേശം 8.05-ന് നൺസ്പീറ്റ് അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ബയ്ത്തുന്നൂറിലെത്തി.

വാഹനത്തിൽനിന്ന് ഹുദൂർ പുറത്തുവന്നതും ഹോളണ്ടിലെ വിവിധ പ്രദേശങ്ങളിൽ നിന്നു വന്ന വരവേറ്റു. കുട്ടികൾ വിവിധ സംഘങ്ങളായി നിന്ന് പ്രാർഥനാ ഗാനങ്ങളും സ്വാഗത ഗീതങ്ങളും ആലപിച്ചു. വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും കൈകൾ നാലു ഭാഗത്തും ഉയർന്നു കൊണ്ടിരുന്നു. *അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ യാ അമീറൽ മുഅ്മിനീനൻ* തുടങ്ങിയ ശബ്ദത്താൽ അന്തരീക്ഷം മുഖരിതമായി. ഹോളണ്ട് അമീർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ഹോളണ്ട്, ഹാമിദ് കരീം സാഹിബ് മുബല്ലിഗ് നൺസ്പീറ്റ്, സെക്രട്ടറി ഉമൂറെ ഖാരിജ അള്വ്ഹർ അലി നയീം സാഹിബ്, അഫ്സർ ജൽസാസാലാന ഹോളണ്ട് ചൗദരി മുബശിർ അഹ്മദ് സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിനെ വരവേറ്റു.

ഈ അവസരത്തിൽ നൺസ്പീറ്റിന്റെ നാഇബ് ലോർഡ് മേയർ മിസ്റ്റർ വാൻ ഡേ ബെർഗും(Mr.Van De Berg) ഹുദൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു. ബയ്ത്തുന്നൂർ മർക്കസിന്റെ അയൽവാസി മിസ്റ്റർ ജാപ്പും (Mr. jaap)ഹുദൂർ അൻവറിനെ സ്വാഗതം ചെയ്യാൻ എത്തിയിരുന്നു. ഡച്ച് ആർമിയിൽ മേജറാണ് അദ്ദേഹം. ഇവർക്കും ഹുദൂറിന്റെ ഹസ്തദാനം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു.

ഡെപ്യൂട്ടി ലോർഡ് മേയർ ശുഭാപ്തി വിശ്വാസം പ്രകടിപ്പിക്കുകയും മേയർ തന്റെ അത്യാവശ്യ മീറ്റിംഗിൽ പങ്കെടുക്കാൻ പോയതു കൊണ്ടാണ് വരാൻ സാധിക്കാതിരുന്നതെന്നും അല്ലെങ്കിൽ അദ്ദേഹത്തിനും ഇവിടെ വരാൻ ആഗ്രഹമുണ്ടായിരുന്നുവെന്നും പറഞ്ഞു. ശനിയാഴ്ച നടക്കുന്ന പരിപാടിയിൽ തീർച്ചയായും അദ്ദേഹം പങ്കെടുക്കുമെന്നും അറിയിച്ചു.

ഈ അവസരത്തിൽ ഒരു അത്ഫ്വാൽകുട്ടി അസീസം ദീ ശാൻ വലീദ് ഹുദൂറിന് പൂച്ചണ്ടു നല്കി സ്വാഗതം ചെയ്തു. അസീസ നാജിയ അസ്‌ലം ഹദ്റത്ത് ബീഗം സാഹിബ മദ്ദളില്ലായേയും പൂച്ചണ്ടു നല്കി സ്വീകരിച്ചു. ശേഷം കൈയുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞ ഹുദൂർ താമസ സ്ഥലത്തേക്ക് പോയി.

നൺസ്പീറ്റ് ജമാഅത്തിനെ കൂടാതെ ഡൻഹാഗ്, ആംസ്റ്റർഡാം, ഉട്രെച്ച്ട്, സ്വോളെ, സ്വുയിഡൂസ്റ്റ്, ആംസ്റ്റെൽവീൻ, ലീഡെൻ, ആറൻഹേം, റോട്ടർഡാം, ഡെന് ബോഷ്, മാസ്ട്രിച്ട്, ഐന്തോവെൻ, ല്യൂവാർഡെൻ, ഗ്രോണിൻജെൻ (Den Haag, Amsterdam, Utrecht, Zwolle, Zuidoost, Amstelveen, Lieden, Arnhem, Rotterdam, Denbosh, Maastricht, Eindhoven, Leuwaarden,Groningen) തുടങ്ങിയ ജമാഅത്തുകളിൽ നിന്നുള്ള അഹ്മദി അംഗങ്ങളും ഹുദൂറിനെ വരവേൽക്കാൻ എത്തുകയും അനുഗ്രഹീതനിമിഷങ്ങൾക്ക് സാക്ഷിയാകുകയുംചെയ്തു. 08.30-ന് ഹുദൂറിന്റെ ഇമാമത്തിൽ മസ്ജിദ് ബയ്ത്തുന്നൂറിൽ മഗ്രിബ്-ഇശാഅ് നമസ്കാരം ജംആക്കി

നിർവഹിച്ചു. ഹുദൂറിനെ സ്വീകരിക്കാൻ വന്നവരിൽ കുറച്ചു  പേർ പാക്കിസ്തനിൽ നിന്ന് വന്നവരായിരുന്നു. ഇവരാദ്യമായാണ് ഖലീഫയെ നേരിട്ടു കാണുന്നത്. ജീവിതത്തിൽ ആദ്യമായി ഖലീഫയുടെ പിന്നിൽനിന്ന് നമസ്കരിക്കാനും അവർക്ക് സൗഭാഗ്യം ലഭിച്ചു. ഉന്നതനായ അല്ലാഹു ഈ സൗഭാഗ്യങ്ങൾ നമുക്കേവർക്കും അനുഗ്രഹീതമാക്കി തീർക്കുമാറാകട്ടെ.ആമീൻ

നൺസ്പീറ്റിലെ ജമാഅത്തിന്റെ മർക്കസായ ബയ്ത്തുന്നൂർ പ്രവിശാലമായ കെട്ടിട സമുച്ചയങ്ങൾ അടങ്ങിയതാണ്. ഇതിന്റെ ഭൂവിസ്ത്യതി അര ഏക്കറാണ്. ഈ കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന മൂന്ന് വലിയ കെട്ടിട സമുച്ചയം മൂന്ന് ബ്ലോക്കുകളായാണ് നിർമിച്ചിട്ടുള്ളത്.

❖ ബ്ലോക്ക് (A): മൂന്ന് നില കെട്ടിടം. ഇതിന്റെ ആദ്യ നില ഒരു വലിയ ഹാളാണ്. 1985 മുതൽ 2015 വരെ ഏകദേശം 30 വർഷം ഇതാണ് മസ്ജിദായി ഉപയോഗിച്ചു വന്നത്. ഇതു കൂടാതെ ഇതിന്റെ ഒന്നും രണ്ടും മൂന്നും നിലയിൽ ഏഴ് ഗസ്റ്റു ഹൗസുകളുണ്ട്. ആകെ 22 റൂമുകളുണ്ട്. ഇവ അതിഥികൾക്കുവേണ്ടി ഉപയോഗിച്ചു വരുന്നു. വാഷ്റൂമുകളും ജമാഅത്തിന്റെ അടുക്കളയും ഇതു കൂടാതെയുമുണ്ട്. അതിഥി മന്ദിരത്തിന്റെ സംവിധാനം ഇതേ കെട്ടിടവുമായി ചേർന്നു നില്ക്കുന്നു.

❖ ബ്ലോക്ക്(B)യും മൂന്നു നിലയാണ്. ഇതിന്റെ ആദ്യ രണ്ടു നിലയിലും മൂന്ന് ഹാളുകളുണ്ട്. മൂന്നാം നിലയിൽ ഏഴു ഗസ്റ്റുഹൗസുകളുണ്ട്. അതായത് താമസയോഗ്യമായ അപ്പാർട്ടുമെന്റുകൾ.

❖ ബ്ലോക്ക് (C)യുടെ ഒരു ഭാഗം 2014 മുതൽ മസ്ജിദിന്റെ രൂപത്തിൽ മാറ്റം വരുത്തിയിരുന്നു. ഔദ്യോഗികമായി മിഹ്റാബും മറ്റുമുണ്ടാക്കി. കൂടാതെ ഈ ബ്ലോക്കിൽ രണ്ടു ഓഫീസും ഒരു താമസയോഗ്യമായ ഭാഗവുമുണ്ട്.ഇതിലെ മൂന്ന് ബ്ലോക്കുകളെ കൂടാതെ ഒരു താമസയോഗ്യമായ ബംഗ്ലാവുമുണ്ട്. 1985-ലാണ് ഈ കോംപ്ലക്സ് വാങ്ങിയത്. നൺസ്പീറ്റ് പ്രദേശം വളരെ സുന്ദരമാണ്. ഒരു തടാകത്തിനു ചുറ്റും വ്യാപിച്ചു കിടക്കുന്ന സുന്ദരമായ വനഭാഗം ഇവിടെയുണ്ട്. സമാധാന നിർഭരമായ അന്തരീക്ഷമാണ് ഈ പ്രദേശം.

1985-ൽ ഈ സ്ഥലം വാങ്ങിയപ്പോൾ നൺസ്പീറ്റില് ഒരു അഹ്മദികുടുംബം മാത്രമാണ് താമസമുണ്ടായിരുന്നത്. ക്രമേണ ജമാഅത്തിലെ അംഗങ്ങൾ വർധിച്ചു വന്നു. 2014-ൽ നൺസ്പീറ്റിലെ ജമാഅത്തംഗങ്ങളുടെ  എണ്ണം 155 നെ മറികടന്നി രുന്നു. അങ്ങനെ ഇത് രണ്ട് ജമാഅത്തായി മാറി. നൺസ്പീറ്റ്, സ്വോളെ(Zwolle). അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഈ ജമാഅത്തുകൾ ശീഘ്രഗതിയിൽ വളർന്നു കൊണ്ടിരിക്കുന്നു. ഇപ്പോൾ നൺസ്പീറ്റിൽ മാത്രം 140 അംഗങ്ങളുണ്ട്. സ്വോളോയിൽ 90 ഉം. ഈ രണ്ടു ജമാഅത്തിലെ അംഗങ്ങളെക്കൂടാതെ രാജ്യത്താകമാനമുള്ള അഹ്മദികളും ഇവിടെ ഒരുമിച്ചു കൂടിയിരുന്നു. ഒരു ഈദി ന്റെ പ്രതീതി ദൃശ്യമായിരുന്നു. എല്ലാ ഹൃദയങ്ങളും സന്തോഷഭരിതമായിരുന്നു. ഈ ദിനം വളരെയധികം അനുഗ്രഹീത ദിനമായിരുന്നു.

**2019 സെപ്റ്റംബര് 26 വ്യാഴാഴ്ച**

രാവിലെ 6.30-ന് മസ്ജിദ് ബയ്ത്തുന്നൂറിൽ ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

ഉച്ചക്ക് 2 മണിക്ക് ബയ്ത്തുന്നൂറിൽ ള്വുഹ്ർ-അസ്വ്ർ നമസ്കാരത്തിനു ഹുദൂർ നേതൃത്വം നല്കി. തുടർന്ന് ഉച്ചക്ക് ശേഷവും ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

വൈകുന്നേരം 6 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചക്ക് തുടക്കമിട്ടു. 40 കുടുംബങ്ങളിൽ നിന്നുള്ള 174 അംഗങ്ങൾ തങ്ങളുടെ പ്രിയ ഇമാമുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേന ഉപഹാരമായി നല്കിയ ഹുദൂർ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ നൺസ്പീറ്റ് ജമാഅത്തിന് പുറമെ അൽമെറെ(Almere), റോട്ടർഡാം(Rotterdam), സ്വോളെ (Zwolle), ഐന്തോവൻ(Eindhoven), ഡെൻഹാഗ് (Den Haag), ഡെൻബോഷ്(Denbosch), ഉൾട്രെച്ചിറ്റ് (Ultrecht) എന്നീ ജമാഅത്തുകളിൽ നിന്നുള്ളവരാണ്.

ഇവരിലധികംപേരും ഹുദൂറിനെ ആദ്യമായാണ് നേരിട്ട് കാണുന്നത്. ഇന്നത്തെ ദിവസം അവരുടെ ജീവിതത്തിലെ അനുഗ്രഹീത ദിവസമായിരുന്നു. ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച ഇവരാരും ഒരിക്കലും മറക്കില്ല. ഖലീഫത്തുൽമസീഹുമായുള്ള സാമാപ്യത്തിന്റെ ഈ നിമിഷങ്ങൾ അവരുടെ ജീവിതത്തിന്റെ ആകെ നിക്ഷേപമാണ്. മനുഷ്യജീവിതത്തിൽ അവനെ മുച്ചൂടും മാറ്റുന്ന ചില നിമിഷങ്ങൾ വരാറുണ്ട്. മനുഷ്യന്റെ ദീനിനേയും ഈ സാമീപ്യം സുന്ദരമാക്കുകയും അവന് ഒരു പുതു ജീവിതം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

പാക്കിസ്താനിലെ ദോധ ജില്ലയിലെ സർഗോദയിൽ നിന്നു വന്ന ഇർഫാൻ ഇഅ്ജാസ് സാഹിബ് തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ വ്യക്തമാക്കി:ഹുദൂറിനെ കണ്ടപ്പോഴുള്ള എന്റെ അവസ്ഥയും വികാരങ്ങളും വിവരിക്കാൻ എനിക്ക് സാധ്യമല്ല. എന്റെ ശരീരം വിറക്കുകയായിരുന്നു. ഹുദൂർ  ഞങ്ങളോട് വളരെ സ്നേഹത്തോടെ സംസാരിച്ചു. ഞങ്ങൾക്ക് വളരെ സമാധാനം കൈവന്നിരുന്നു. എനിക്ക് ക രച്ചിൽ അടക്കാൻ കഴിഞ്ഞില്ല. വളരെ ബുദ്ധിമുട്ടി ഞാൻ എന്നെ നിയന്ത്രിച്ചു. എന്റെ ശബ്ദവും ഇട റുന്നുണ്ടായിരുന്നു. ഹുദൂർ എന്റെ മക്കൾക്ക് വളരെയധികം സ്നേഹം നല്കി. ഹുദൂറിനോടൊപ്പം വേറിട്ട് ഫോട്ടോ എടുക്കണമെന്നും ഫ്രെയിം ചെയ്ത് വെക്കാനാണെന്നും കുട്ടികൾ ഹുദൂറിനോട് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അവരുടെ ആഗ്രഹം വാത്സല്യപൂർവം പൂർത്തിയാക്കിയ ഹുദൂർ അവരുമൊത്ത് വേറേയും ഫോട്ടോ എടുത്ത് അവരെ അനുഗ്രഹിച്ചു.

റബ്വയില് നിന്നു വന്ന മുഹമ്മദ് സ്വാദിഖ് നദീം സാഹിബ് പറയുന്നു:അല്ലാഹു ചെയ്തു തന്ന ഇത്ര വലിയ കൃപയ്ക്ക് ഏതു വാക്കിൽ നന്ദി പറയണമെന്ന് എനിക്കറിയില്ല. ഹുദൂർഅൻവറിനെ കാണണമെന്ന ഒരേയൊരു ആഗ്രഹമേ എനിക്കുണ്ടായിരുന്നുള്ളൂ. വിസ വാങ്ങിയാണ് ഞാനിവിടെ എത്തിയത്. അഭയാർഥിയായി വരണമെന്ന ഒരു തീരുമാനവും എനിക്കുണ്ടായിരുന്നില്ല. മടങ്ങിപ്പോകാനുള്ള പ്രോഗ്രാമിട്ടാണ് ഞാൻ വന്നത്. എന്നാൽ വിസയുടെ കാലാവധി ഹുദൂർ അൻവർ ഹോളണ്ടിലേക്ക് വരുന്നതിന്നു മുമ്പേതന്നെ കഴിഞ്ഞിരുന്നു. മറുഭാഗത്ത് ഏതു വിധേനയും ഹുദൂറിനെ കാണണമെന്നുള്ള ആശയിലായിരുന്നു ഞാൻ. കൂടുതൽ ഇവിടെ താമസിക്കാനുള്ള ഏക വഴി അഭയാർഥിയാകുക എന്നതു മാത്രമായിരുന്നു. അതു ഞാൻ ചെയ്യുകയും ചെയ്തു. ഇന്ന് എന്റെ ജീവിതാഭിലാഷം പൂവണിഞ്ഞു. ഞാനിന്ന് ഒരു ഭാഗ്യവാനായ മനുഷ്യനാണ്.'

സർഗോദയിൽ നിന്നുവന്ന ഇംറാൻ അഹ്മദ് സാഹിബ് തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'ഈ സമയത്ത് സംസാരിക്കാൻ ഞാൻ അശക്തനാണ്.' ഇദ്ദേഹത്തിന്റെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. കുറച്ചൊന്ന് മൗനംപാലിച്ചതിന്നുശേഷം അദ്ദേഹം പറഞ്ഞു: എത്രമാത്രം ശാന്തി കൈവ ന്നുവെന്നാൽ ഹൃദയം പൂർണമായ സംതൃപ്തി കൈവരിച്ചു. ഹുദൂർ അൻവർ സംസാരം തുടരണമെന്നും ഞങ്ങളത് കേട്ടും കണ്ടും ഇരിക്കണമെന്നും ഹൃദയം ആശിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരും ഹുദൂറിന്റെ തിരുമുഖത്ത് ഒരു പ്രകാശം ദർശിച്ചിരുന്നു.ഞങ്ങളുടെ മക്കളും അ തിയായ സന്തോഷത്തിലായിരുന്നു. വളരെയധികം സ്നേഹം അവർക്ക് നല്കിയ ഹുദൂർ അവർക്ക് ചോക്ലേറ്റും നല്കി.

കശ്മീരിൽനിന്നുവന്ന ഒരു കുടുംബനാഥൻ അത്വാഉൽഹയ്യ് സാഹിബ് പറയുന്നു: എനിക്ക് സംസാരിക്കാൻ സാധിച്ചില്ല. അനിയന്ത്രിതമായി കരയാൻ ഹൃദയം വെമ്പി. പ്രകാശത്തിന്റെ മേൽ പ്രകാശമായിരുന്നു ആ മുഖത്ത്. അല്ലാഹുവിന്റെ പ്രതിനിധിയുമായി കൂടിക്കാഴ്ച നടത്താൻ എനിക്ക് സാധിക്കുമെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല. എന്റെ മേൽ ഇന്നുണ്ടായിരിക്കുന്ന അല്ലാഹുവിന്റെ ഔദാര്യത്തിന് ജീവിതം മുഴുവനും നന്ദി പറഞ്ഞാലും മതിയാകില്ല. അല്ലാഹുവിന്റെ പ്രതിനിധിയെ കണ്ടു. ഇത് എന്റെ ജീവിതത്തിലെ ഒരു സാധാരണ സംഭവമല്ല. ഇതൊരിക്കലും എനിക്ക് മറക്കാനും കഴിയില്ല.

പാക്കിസ്താൻ കോഇട്ടായിലെ മാസ്റ്റർ മഖ്സ്വൂദ് അഹ്മദ് സാഹിബ് പറയുന്നു: ഈ സമയത്ത് എ ന്റെ ഹൃദയം വികാര നിർഭരമാണ്. എന്താണ് പറയേണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്റെ എല്ലാ പ്രയാസങ്ങളും ഹുദൂറുമായുള്ള ഇന്നത്തെ കൂടിക്കാഴ്ചക്കുശേഷം അകന്നിരിക്കുന്നുവെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. എല്ലാ തടസ്സങ്ങളും നീങ്ങിപ്പോയിരിക്കുന്നു. എന്റെ ഹൃദയം ഘനമില്ലാത്തതായി. എനിക്ക് വളരെ ശാന്തി കൈവന്നു. ഇന്നത്തെ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ സുപ്രധാന സംഭവമാണ്. ജീവിതത്തിൽ കൂടിക്കാഴ്ച നടത്താൻ

(ശേഷം പേജ് 12 ൽ)

## ഹദീഥുന്നബ്വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്ലകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."*(അബൂദാവൂദ്, കിതാബുൽമനാസിക്)***

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## കലാമുൽ ഇമാം

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."*(മൽഫൂദാത്ത് വാള്യം 1, പേജ് 64)***

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

(പേജ് 5ൽ നിന്ന്)

ഉമറിന്റെ ഇസ്‌ലാം സ്വീകരണവുമായി ബന്ധപ്പെട്ട അഞ്ചാമത്തേതും പ്രശസ്തവുമായ നിവേദനമിതാണ്. ഇതേ കുറിച്ച് മുമ്പേയും വിശദീകരിച്ചിട്ടുള്ളതാണ്. അത് ഇപ്രകാരമാണ്. ഹദ്റത്ത് അനസ് ബിൻ മാലിക്(റ)നിവേദനം. ഒരു ദിവസം ഹദ്റത്ത് ഉമർ ഊരിയവാളുമായി പുറപ്പെട്ടു. വഴിയിൽവച്ചെ ബനൂസുഹ്റയിലെ ഒരാളെ കണ്ടു. ഉമറേ! എങ്ങോട്ടാണ് പോകുന്നതെന്ന് അയാൾ ചോദിച്ചു. താൻ മുഹമ്മദിനെ വധിക്കാനാണ് പോകുന്നതെന്ന് ഉമർ പറഞ്ഞു. നഊദുബില്ലാഹ്. അയാൾ പറഞ്ഞു: മുഹമ്മദിനെ വധിച്ചശേഷം ബുനൂസുഹ്റയും ബുനൂഹാശിമും താങ്കളെ സമാധാനത്തോടെ വിടുമെന്ന് താങ്കൾ കരുതുന്നുണ്ടോ? ഹദ്റത്ത് ഉമർ പറഞ്ഞു, ഞാൻ മനസ്സിലാക്കുന്നത് താങ്കൾ സ്വാബിയായെന്നാണ്. താങ്കൾ സ്വന്തം മതത്തെ ഉപേക്ഷിച്ചിരിക്കുന്നു. അയാൾ പറഞ്ഞു: ഉമറേ! ഞാൻ താങ്കളോടു ഇതിലുംകൂടുതൽ അമ്പരിപ്പിക്കുന്ന കാര്യം പറയട്ടെ. ഞങ്ങൾ സ്വാബികളായെന്നല്ലേ താങ്കൾ പറയുന്നത്. അതിലും വലിയൊരു കാര്യ പറഞ്ഞുതരാം. തങ്കളുടെ സഹോദരിയും അളിയനും സ്വാബികളായിരിക്കുന്നു! താങ്കൾ നിലകൊള്ളുന്ന മതത്തെ നിഷേധിച്ചിരിക്കുന്നു. ഇതുകേട്ടപ്പോൾ ഉമർ അവിരിരുവരേയും ശപിച്ചുകൊണ്ട് അവരുടെ വീട്ടിലേക്ക് പോയി. അവർ രണ്ടുപേരോടുമൊപ്പം അവിടെ മുഹാജിരീങ്ങളിൽപ്പെട്ട ഒരു സ്വഹാബി ഖബ്ബാസും ഉണ്ടായിരുന്നു. ഹദ്റത്ത് ഖബ്ബാസിനെക്കുറിച്ച് പറഞ്ഞപ്പോൾ ഈ സംഭവം ഞാൻ മുമ്പേ വിവരിച്ചിട്ടുള്ളതാണ്. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ശബ്ദം കേട്ടപ്പോൾ വീട്ടിനുള്ളിൽ ഒളിച്ചുനിന്നു. ഹദ്റത്ത് ഉമർ വീട്ടിൽ കയറിയപ്പോൾ ചോദിച്ചു, നിങ്ങൾ വായിച്ചുകൊണ്ടിരുന്നതെന്താണ്? നിങ്ങളുടെ ശബ്ദം ഞാൻ കേട്ടിരുന്നു. അതെന്തായിരുന്നു? ആ നേരത്ത് അവർ ത്വാഹാ എന്ന അധ്യായം പാരായണം ചെയ്യുകയായിരുന്നു. തങ്ങൾ പരസ്പരം സംസാരിക്കുകയായിരുന്നുവെന്ന് അവർ പറഞ്ഞു. അല്ലാതെ ഒന്നുമല്ല. ഉമർ പറഞ്ഞു, നിങ്ങൾ സ്വന്തം മതത്തിൽനിന്ന് പിന്തിരിഞ്ഞിരിക്കുന്നുവെന്ന് ഞാൻ കേട്ടല്ലോ? അപ്പോൾ അദ്ദേഹത്തിന്റെ അളിയൻ ചോദിച്ചു: താങ്കൾ എപ്പോഴെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ? താങ്കളുടെ മതത്തിലല്ലാതെ മറ്റേതെങ്കിലും മതത്തിൽ സത്യമുണ്ടായെന്നു വരാം. അപ്പോൾ സത്യം അന്വേഷിക്കേണ്ടതല്ലേ? മറ്റേതെങ്കിലും മതത്തിൽ സത്യമുണ്ടോയെന്ന് താങ്കൾ ചിന്തിച്ചിട്ടുണ്ടോ? ഇതുകേട്ടപാടെ ഉമർ തന്റെ സഹോദരീഭർത്താവിനെ ശക്തമായി പിടിച്ചു വലിച്ചു. കഠിനമായി മർദിച്ചു. അദ്ദേഹത്തിന്റെ സഹോദരി ഭർത്താവിനെ രക്ഷിക്കാൻ ഇടയ്ക്കു കയറി. അപ്പോൾ ഉമർ അവരേയും തല്ലി. അവരുടെ മുഖത്തുനിന്ന് ചോര ഒലിച്ചിറങ്ങി. അവർ ദേഷ്യത്തോടെ പറഞ്ഞു: ഉമറേ! സത്യം നിങ്ങളുടെ മതത്തിലല്ല മറ്റേതെങ്കിലും മതത്തിലാണെങ്കിൽ ഇപ്രകാരം സാക്ഷ്യം വഹിക്കുക. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ്. ഹദ്റത്ത് ഉമർ ക്ഷീണിച്ചപ്പോൾ പറഞ്ഞു, നിങ്ങളുടെ കൈയിലുള്ള ഗ്രന്ഥം എനിക്ക് വായിക്കാൻ തരിക. ഹദ്റത്ത് ഉമറിന് വായന അറിയുമായിരുന്നു. സഹോദരി പറഞ്ഞു: നീ അശുദ്ധനാണ്. അശുദ്ധിയോടെ ആർക്കും അതിനെ സ്പർശിക്കാനാകില്ല, കുളിക്കുക, അല്ലെങ്കിൽ വുളു ചെയ്യുക. ഹദ്റത്ത് ഉമർ എഴുന്നേറ്റ് വുളു ചെയ്തു. അതിനുശേഷം ഗ്രന്ഥം കൈയിലെടുത്ത് വായിക്കാൻ തുടങ്ങി. ത്വാഹാ എന്ന അധ്യായമായിരുന്നു അത്. **ഇന്നനീ അനല്ലാഹു ലാ ഇലാഹ ഇല്ലാ അനാ ഫഅ്ബുദ്നീ ഫഅഖീമിസ്സ്വലാത്ത ലിദിക്‌രീ** നിശ്ചയമായും ഞാൻ തന്നെയാണ് അല്ലാഹു. എന്നെക്കൂടാതെ ആരാധനയ്ക്കർഹൻ ആരുമില്ല. എന്നെ ആരാധിക്കുക. എന്നെ സ്മരിക്കാനായി നമസ്കാരം നിലനിറുത്തുക. ഈ ആയത്ത് പാരായണം ചെയ്തശേഷം ഹദ്റത്ത് ഉമർ പറഞ്ഞു, എവിടെയാണ് മുഹമ്മദ്(സ) ഉള്ളതെന്ന് എനിക്കു പറഞ്ഞുതരിക. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഖബ്ബാബ്(റ)പുറത്തിറങ്ങിക്കൊണ്ടു പറഞ്ഞു, താങ്കൾക്ക് ഒരു സുവാർത്തയുണ്ട്. ഞാനാഗ്രഹിക്കുന്നത് നബി(സ)തിരുമേനി വ്യാഴാഴ്ച രാത്രി ചെയ്ത ദുആ താങ്കൾക്കുവേണ്ടി അല്ലാഹു സ്വീകരിക്കട്ടെ എന്നാണ്. അവിടന്ന് പറഞ്ഞിരുന്നു, **അല്ലാഹുമ്മഅഇസ്സൽ ഇസ്‌ലാമ ബിഅഹബ്ബി ഹാദയ്നിർറജുലയ്നി ഇലയ്ക്ക ബി അബീജഹ് ലിൻ ഔ ബിഉമറബ്നിൽഖത്ത്വാബ്** അല്ലാഹുവേ!അബൂജഹ്ൽ, ഉമർ ബിൻ ഖത്ത്വാബ് എന്നിവരിൽ നിനക്ക് കൂടുതൽ പ്രിയപ്പെട്ടയാൾ മുഖേന ഇസ്‌ലാമിന് അന്തസ് പ്രദാനം ചെയ്താലും. നബി(സ)തിരുമേനി അപ്പോൾ സ്വഫാ കുന്നിന്റെ താഴ്‌വാരത്തുള്ള വീട്ടിലിയാരുന്നു. ഹദ്റത്ത് ഉമർ പുറപ്പെട്ട് ആ വീട്ടിൽ പ്രവേശിച്ചു. ആ നേരത്ത് ആ വീടിന്റ വാതിൽക്കൽ ഹദ്റത്ത് ഹംസ(റ), ഹദ്റത്ത് ത്വൽഹ(റ), നബി(സ)തിരുമേനിയുടെ മറ്റുസ്വഹാബത്തും നില്പുണ്ടായിരുന്നു. ആലുകൾ ഹദ്റത്ത് ഉമറിനെ ഭയക്കുന്നതുകണ്ടപ്പോൾ ഹദ്റത്ത് ഹംസത്ത്(റ)പറഞ്ഞു:ശരി. ഇത് ഉമറാണല്ലെ! അല്ലാഹു ഇദ്ദേഹത്തിന് നന്മ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഇദ്ദേഹം റസൂലുല്ലായിൽ വിശ്വസിച്ച് ഇസ്‌ലാമിനെ പിൻപറ്റുന്നതായിരിക്കും. ഇദ്ദേഹത്തിന്റെ ഉദ്ദേശ്യം മറ്റെന്തെങ്കിലുമാണെങ്കിൽ നമുക്ക് ഇദ്ദേഹത്തെ അനായാസം വധിക്കാനുമാകും. നബി(സ)തിരുമേനി വീടിനുള്ളിലായിരുന്നു. വഹ്യ് ഇറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. നബി(സ)തിരുമേനിയും പുറത്തേക്ക് വന്നു. അവിടന്ന് ഉമറിന്റെ അടുത്തുവന്ന് അദ്ദേഹത്തെ നെഞ്ചോടു ചേർത്തുപിടിച്ച് പറഞ്ഞു:'ഉമറേ! അല്ലാഹു വലീദ് ബിൻ മുഗീറയോടു ചെയ്തതുപോലെ താങ്കളുടെമേലും വേദനാജനകമായ ശിക്ഷ ഇറക്കുന്നതുവരെ താങ്കൾ ദ്രോഹം നിറുത്തുകയില്ലെന്നാണോ? അല്ലാഹുവേ! ഇത് ഉമർ ബിൻ ഖത്ത്വാബാണ്. അല്ലാഹുവേ ദീനിന് ഉമർ ബിൻ ഖത്ത്വാബ് മുഖേന അന്തസ് നല്കേണമേ.'അതിനുശേഷം ഹദ്റത്ത് ഉമർ പറഞ്ഞു:'അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' അങ്ങനെ അദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ചു. എന്നിട്ട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരേ! ഇസ്‌ലാമിന്റെ പ്രചാരണത്തിന് പുറത്തിറങ്ങിയാലും.

മഅ്മറിൽനിന്നും സുഹ്‌രിയിൽനിന്നും നിവേദനം. ഹദ്റത്ത് ഉമർ നബി(സ)തിരുമേനി ദാറു അർഖമിൽ വന്നതിനുശേഷമാണ് ഇസ്‌ലാം സ്വീകരിച്ചത്. നാല്പതാമത്തേയോ അതിൽ കുറച്ചു കൂടുതലോ സ്ത്രീപുരുഷന്മാർ ഇസ്‌ലാം സ്വീകരിച്ച ശേഷം ഇസലാം സ്വീകരിച്ച് വ്യക്തിയാണ് അദ്ദേഹം. ദാറുൽഅർഖമെന്നത് ഒരുവീടും കേന്ദ്രവുമായിരുന്നു. അതൊരു നവമുസ്‌ലിമായ അർഖം ബിൻ അർഖമിന്റെവീടായിരുന്നു. മക്കയിൽനിന്ന് കുറച്ചു പുറത്തായിരുന്നു അത്. മുസ്‌ലിമീങ്ങൾ അവിടെ സംഘടിച്ചിരുന്നു. മതം പഠിക്കുന്നതിനും ആരാധനകൾ നടത്തുന്നതിനുമുള്ള ഒരു കേന്ദ്രമായിരുന്നു അത്. അക്കാരണത്താൽ ഇത് 'ദാറുൽ ഇസ്‌ലാം' എന്ന പേരിലും അറിയപ്പട്ടു. മക്കയിലെ മൂന്നുവർഷ കാലത്തെ ഇസ്‌ലാമിക കേന്ദ്രമായിരുന്നു അത്. അവിടെ രഹസ്യമായി ആരാധനകൾ നടന്നിരുന്നു. നബി(സ)തിരുമേനി അവിടെ ദറസ്സുകൾ സംഘടിപ്പിക്കുമായിരുന്നു. പിന്നീട് ഹദ്റത്ത് ഉമർ(റ)ഇസ്‌ലാം സ്വീകരിച്ചതോടെ പരസ്യമായ ഇസ്‌ലാമിക പ്രചാരണം നടക്കാൻ തുടങ്ങി. ഈ കേന്ദ്രത്തിൽവച്ച് ഇസ്‌ലാം സ്വീകരിച്ച അവസാനത്തെ വ്യക്തിയായിരുന്നുവെന്ന് ഹദ്റത്ത് ഉമർ എന്ന് നിവേദനങ്ങളിൽ വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ഇസ്‌ലാംമതസ്വീകരണത്തോടെ മുസ്‌ലിമീങ്ങൾക്ക് കൂടതൽ കരുത്ത് ലഭിച്ചു. അവർ ദാറു അർഖമിൽനിന്ന് പുറത്തുവന്ന് പരസ്യമായി മതപ്രബോധനം ചെയ്യാൻ തുടങ്ങി.*(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 142-143, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1996)(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 129-ൽനിന്നെടുത്തത്)*

ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് ഇതേ സംഭവം ചെറിയ വ്യത്യാസത്തോടെ മറ്റൊരു സ്ഥലത്തും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ സൂറത്തു ത്വാഹായുടെ ആദ്യ വചനങ്ങളാണ് പറയപ്പെട്ടതെങ്കിൽ മറ്റൊരു സ്ഥലത്ത് സൂറ അൽഹദീദിന്റെ പ്രാരംഭവചനങ്ങളാണ് രേഖപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് ഉമർ തന്റെ സഹോദരിയുടെ ഭവനത്തിൽവച്ച് തിലവത്തു ചെയ്തുവെന്ന് പറഞ്ഞ കാര്യം ആറാമതൊരു നിവേദനവും അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ) നിവേദനം ചെയ്യുന്നു:ഞാൻ ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് മുഹമ്മദ്(സ)നെ തിരക്കി ഇറങ്ങി. എന്നെക്കാൾമുമ്പേ നബി(സ) തിരുമേനി മസ്ജിദിലെത്തിയതാണ് ഞാൻ കണ്ടത്. ഞാൻ നബി(സ)തിരുമേനിയുടെ പിന്നിൽ നിന്നു. അവിടന്ന് സൂറ അൽഹാഖ തിലാവത്ത് ചെയ്യാൻ തുടങ്ങി. ഞാൻ ഖുർആനിന്റെ ഘടനയിലും ക്രമീകരണത്തിലും അത്ഭുതപ്പെട്ടു. ഞാൻ പറഞ്ഞു, അല്ലാഹുവാണ! ഖുറയ്ശികൾ പറയുന്നതുപോലെ ഇതൊരു കവിയാണ്. ഹദ്റത്ത് ഉമർ(റ)പറഞ്ഞു:ഞാൻ ഇത് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ നബി(സ)തിരുമേനി **ഇന്നഹൂ ലഖൗലു റസൂലിൻകരീം വ്വമാഹുവാ ബിഖൗലി ശായിരിൻ ഖലീലൻമ്മാ തുഅ്മിനൂൻ** (69:41-42) എന്ന വചനം തിലാവത്ത് ചെയ്തു. അതായത് തീർച്ചയായും ഇത് ആദരണീയനായ ദൂതൻകൊണ്ടുവന്ന വചനമാണ്. ഇതൊരു കവിയുടെ വാക്കല്ല. നിങ്ങൾ അല്പം മാത്രമെ വിശ്വസിക്കുന്നുള്ളു. ഹദ്റത്ത് ഉമർ(റ)പറയുന്നു:ഞാൻ പറഞ്ഞു ഇത് ജ്യോത്സ്യനാണ്. ഇന്ദ്രജാലക്കാരനാണ്. പിന്നീട് നബി(സ)തിരുമേനി ഈ വചനമോതി, **വലാ ബി ഖൗലി കാഹിൻ ഖലീലൻമ്മാ തദക്കറൂൻ തൻസീലുൻമ്മിർറബ്ബിൽ ആലമീൻ വലൗ തഖവ്വല അലയ്നാ ബഅ്ളൾ അഖാവീൽ ലഅഖദ്നാ മിൻഹു ബിൽയമീൻ ഥുമ്മ ലഖത്വഅ്നാ മിൻഹുൽവത്തീൻ ഫമാ മിൻകും മ്മിൻ അഹദിൻ അൻഹു ഹാജിസീൻ** (69:413-48)ഇതൊരു ജ്യോത്സ്യന്റെ വാക്കുമല്ല. നിങ്ങൾ അല്പം മാത്രമെ ശ്രദ്ധിക്കുന്നുള്ളു. ഇത് സർവലോക പരിപാലകനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതാണ്. അദ്ദേഹം നമ്മുടെമേൽ ചിലവാക്കുകൾ കെട്ടിച്ചമത്തിയിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലതു കൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരാരും നിങ്ങളിലുണ്ടായിരിക്കുകയില്ല. ഹദ്റത്ത് ഉമർ(റ)പറയുന്നു: ആ നേരം മുതൽ ഇസ്‌ലാം എന്റെ മനസ്സിൽ ആഴ്ന്നിറങ്ങി. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ, വാള്യം 1, പേജ് 108-109, ഹദീഥ് 107, പ്രസാധകർ ആലമുൽകുതുബ് ബെയ്റുത്ത് 1998)*

ഏഴാമതൊരു നിവേദനവും ലഭിക്കുന്നുണ്ട്. അതു ബുഖാരിയുടെ നിവേദനമാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ വിവരിച്ചു: ഇന്ന സംഗതി ഇരകാരമാണെന്ന് താൻ ഊഹിക്കുന്നുവെന്ന് ഹദ്റത്ത് ഉമർ(റ)പറഞ്ഞാൽ അത് അദ്ദേഹം ഊഹിച്ചതുപോലെതന്നെ സംഭവിക്കാതിരുന്നത് ഞാൻ കേട്ടിട്ടില്ല. ഒരിക്കൽ അദ്ദേഹം ഒരിടത്തിരിക്കുകയായിരുന്നു. അപ്പോൾ സുന്ദരനായ ഒരു വ്യക്തി അദ്ദേഹത്തിന്റെ അടുത്തൂടെ കടന്നുപോയി. ഹദ്റത്ത് ഉമർ പറഞ്ഞു: ഒരുപക്ഷേ, എന്റെ ഊഹം തെറ്റാകും. ഞാൻ കരുതുന്നത് ഒന്നുകിൽ ജാഹ്‌ലിയക്കാരനായ ഈ വ്യക്തി തന്റെ മതത്തിൽത്തന്നെയായിരിക്കും അല്ലെങ്കിൽ അവരുടെ ജ്യോത്സ്യനായിരിക്കും. ആ വ്യക്തിയെ എന്റെയടുത്ത് കൊണ്ടുവരിക. അങ്ങനെ അയാളെ വിളിച്ച്  അദ്ദേഹത്തിന്റെ അടുത്ത് കൊണ്ടുവന്നു. അദ്ദേഹം അയാളോടു അതുതന്നെ പറഞ്ഞു. അയാൾ പറഞ്ഞു, ഞാൻ ഇന്നത്തെപോലെ ഒരു ദിവസവും കണ്ടിട്ടില്ല. അതായത് ഏതെങ്കിലും മുസ്‌ലിം  ഇപ്രകാരം സ്വാഗതം ചെയ്യപ്പെട്ടതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഈ വ്യക്തി പിന്നീട് മുസ്‌ലിമായി. ഹദ്റത്ത് ഉമർ പറഞ്ഞു:ഞാൻ സത്യം ചെയ്തു പറയുകയാണ്, താങ്കൾക്ക് എന്നോടു തീർച്ചയായും പറയേണ്ടിവരും. അയാൾ പറഞ്ഞു, ഞാൻ ജാഹ്‌ലിയ കാലത്ത് അവരുടെ ജ്യോത്സ്യനായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: താങ്കളുടെ ജിന്നുമ്മ താങ്കളുടെ അടുത്തു കൊണ്ടുവന്ന എന്തെങ്കിലും അത്ഭുതകരമായ കാര്യം പറയുക. ജ്യോത്സ്യനായിരുന്നു, ഇന്ദ്രജാലം കാണിക്കാറുണ്ടായിരുന്നു. അയാൾ പറഞ്ഞു:ഒരിക്കൽ ഞാൻ ചന്തയിലായിരുന്നു. അപ്പോൾ ഒരു ജിന്നുമ്മ എന്റെയടുത്ത് വന്നു. അവർ വളരെ പരിഭ്രമിക്കുന്നുണ്ടായിരുന്നു. അവർ ചോദിച്ചു:താങ്കൾ ജിന്നുകളെ കണ്ടിട്ടില്ലേ? അവരുടെ ബുദ്ധിമുട്ടിനേയും വിസ്മയത്തേയും പെൺഒട്ടകങ്ങളേയും അവയിന്മേലുള്ള ജീനികളേയും അവർ കണ്ടുമുട്ടുന്നതിനേയും. ഹദ്റത്ത് ഉമർ(റ)പറഞ്ഞു:താങ്കൾ സത്യമാണ് പറഞ്ഞത്. ഒരിക്കൽ ഞാൻ അവരുടെ ബിംബങ്ങളുടെ അടുത്ത് കിടക്കുകയായിരുന്നു. അപ്പോൾ ഒരാൾ പൈക്കിടാവിനെ കൊണ്ടുവന്നു. അതിനെ അയാൾ അറുത്തു. അപ്പോൾ ഒരു വിളിയാളൻ ഒച്ചത്തിൽ വിളിച്ചു പറഞ്ഞു-ഞാൻ അതിലും ഒച്ചത്തിൽ അലറുന്നതായി ആരെയും കണ്ടിട്ടില്ല-അയാൾ പറയുന്നുണ്ടായിരുന്നു, അതിരുകടന്ന ശത്രുവേ! ഒരു മഹത്തരവും ശുഭകരവുമായ കാര്യമുണ്ട്. സുഭാഷകനായ ഒരു വ്യക്തിയുണ്ട്.അയാൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നു പറയുന്നു. അതായത് അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലന്ന്! അപ്പോൾ ഞാനും എഴുന്നേറ്റു. അധികം താമസിയാതെ അതൊരു പ്രവാചകനാണെന്ന് പറയപ്പെടാൻ തുടങ്ങി. ബുഖാരിയുടെ ചില പ്രതികളിൽ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിനുപകരം **ലാ ഇലാഹ ഇല്ലാ അൻത** എന്നും വന്നിട്ടുണ്ട്. ഇതാണ് ബുഖാരിയിലെ നിവേദനം. *(സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബ് ഇസ്‌ലാം ഉമർ ബിൻ ഖത്ത്വാബ്(റ) ഹദീഥ് 3866)*

എന്തായാലും ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിക്കുന്നതു സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. അവയിൽ മിക്കതിലുമുള്ള നിവേദനം ഇതുതന്നെയാണ്. അതായത് ഹദ്റത്ത് ഉമർ നബി(സ)തിരുമേനിയെ വധിക്കാൻ (നഊദുബില്ലാഹ്)ഊരിപ്പിടിച്ച വാളുമായി ഇറങ്ങി. ആദ്യം സ്വന്തം വീട്ടിലെ കാര്യമന്വേഷിക്കാൻ വഴിയിൽവച്ച് ഒരാൾ അദ്ദേഹത്തോടു പറഞ്ഞു. അങ്ങനെ അദ്ദേഹം സഹോദരിയുടേ യും ഭർത്താവിന്റേയും വീട്ടിൽപോയി. ഈ നിവേദനങ്ങളാണ് മിക്കതിലുമുള്ളത്. ഇതാണ് കൂടുതൽ അംഗീകരിക്കപ്പെടുന്നതും. നിരവധി നിവേദനങ്ങൾ വേറെയുമുണ്ട്. ഞാനിവിടെ വിവരിച്ച നിവേദനങ്ങളുടെ കൃത്യതയെ കുറിച്ച് ഒരുപാട് ചരിത്രകാരന്മാർ വലിയ തോതിൽ ചർച്ച ചെയ്തിട്ടുണ്ട്. എന്തായാലും അദ്ദേഹം തന്റെ സഹോദരിയുടേയും ഭർത്താവിന്റേയും വീട്ടിൽ പോയതും അവിടെനിന്ന് ദാറുഅർഖമിലെത്തിയതുമാണ് നമ്മൾ ശരിയായി അംഗീകരിക്കുന്ന നിവേദനം. ഇങ്ങനേയും പറയാം, അതിനു സാധ്യതയുമുണ്ട്. ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ച് പറയപ്പെട്ട എല്ലാ നിവേദനങ്ങളും യഥാസ്ഥാനത്ത് ശരിയാണെന്നു വരാം. അതിൽനിന്ന് മനസ്സിലാകുന്നത് വ്യത്യസ്ത സന്ദർഭങ്ങളിൽ ഹദ്റത്ത് ഉമറിന്റെ ഹൃദയത്തിൽ പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മാനസാന്തരം ഉണ്ടായെങ്കിലും അന്തിമതീരുമാനം എടുക്കാൻ സാധിക്കാതെ വന്നു. അദ്ദേഹം തന്റെ സഹോദരിയുടേയും ഭർത്താവിന്റേയും വീട്ടിൽ വച്ച് ഖുർആൻ പാരായണം ശ്രവിച്ചതുതന്നെയായിരിക്കും അവസാനത്തെ സംഭവം. അവിടെനിന്ന് ഇസ്‌ലാം സ്വീകരിക്കാൻ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. എന്തായാലും അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ. ഹദ്റത്ത് ഉമറിന് അപ്പോൾ 33 വയസ്സായിരുന്നു. അദ്ദേഹം തന്റെ ഗോത്രമായ ബനൂ അദിയ്യുടെ പ്രമാണിയായിരുന്നു. ഖുറയ്ശികളുടെ അംബാസിഡർ പദവി അലങ്കരിച്ചിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേവരെ എന്തായാലും അദ്ദേഹം വളരെ ധൈര്യവാനും പ്രഭാവശാലിയും തന്റേടിയുമായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ മുസ്‌ലിമീങ്ങൾ കൂടുതൽ ശക്തിയാർജിച്ചു. അവർ ദാറുഅർഖമിൽനിന്ന് പുറത്തിറങ്ങി പരസ്യമായി മസ്ജിദുൽഹറാമിൽ നമസ്കരിച്ചു. ഹദ്റത്ത് ഉമറായിരുന്നു ദാറുഅർഖമിൽ ഇസ്‌ലാം സ്വീകരിച്ച് അവസാനത്തെ സ്വഹാബി. ഇതു നുബുവ്വത്തിനുശേഷം 6-ാം വർഷത്തിലെ അവസാന മാസത്തെ സംഭവമാണ്. ആ നേരത്ത് മക്കയിൽ മുസ്‌ലിം പുരുഷന്മാരുടെ എണ്ണം 40 ആയിരുന്നു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 159)* ബാക്കി ഇൻശാഅല്ലഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഇപ്പോൾ ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. അവരുടെ ജനാസഗാഇബും നമസ്കരിക്കുന്നതാണ്. ഇതിൽ ആദ്യത്തേത് അഹ്മദ് മുഹമ്മദ് ഉഥ്മാൻ ശബൂത്വീ സാഹിബാണ്. ഇദ്ദേഹം യമനിലെ മുഹമ്മദ് ഉഥ്മാൻ ശബൂത്വീ സാഹിബിന്റെ മകനാണ്. 2021 ഏപ്രിൽ 9 ന് 87-ാം വയസ്സിൽ ഈജിപ്തിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ* അഹ്മദ് മുഹമ്മദ് ഉഥ്മാൻ ശബൂത്വീ സാഹിബ് യമനിലെ ഏദൻ പട്ടണത്തിലാണ് ജനിച്ചത്. മുബല്ലിഗ് ഗുലാം അഹ്മദ് സാഹിബ് ഏദനിൽ പോയപ്പോഴാണ് അദ്ദേഹം 14-ാമത്തെ വയസ്സിൽ ബയ്അത്ത് ചെയ്തത്. യമൻ ജമാഅത്തിൽ അദ്ദേഹത്തിന് പിന്നീട് വിവിധ വകുപ്പുകളിൽ സേവനം ചെയ്യാൻ തൗഫീഖു കിട്ടി. ദീർഘകാലമായി യമൻ ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ സേവനമനുഷ്ഠിച്ച് വരികയായിരുന്നു. ജീവിതാന്ത്യംവരെ അതു തുടർന്നു. അദ്ദേഹം വിവാഹം കഴിച്ചത് ഡോക്ടർ മുഹമ്മദ് അഹ്മദ് അദനീ സാഹിബിന്റെ മകൾ വസീമ മുഹമ്മദ് സാഹിബയെയാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഹാജീ മുഹമ്മദു ദീൻ ദഹ്‌ലവിയുടേയും സ്വഹാബി യ ഹദ്റത്ത് ഹസീനബീബീ സാഹിബയുടേയും പൗത്രിയാണ്. ശുബൂത്വി സാഹിബിന്റെ നിക്കാഹും റബ്‌വയിൽത്തന്നെയാണ് നടന്നത്. പക്ഷേ, അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലാണ് നടന്നത്. എന്തായാലും പിന്നീട് അദ്ദേഹത്തിന് മർക്കസുമായി ബന്ധമുണ്ടായി. ശുബൂത്വി സാഹിബിന് റബ്‌വയിൽ പോകാനും തൗഫീഖ് കിട്ടി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)മായി കൂടിക്കാഴ്ച നടത്താനും സൗഭാഗ്യമുണ്ടായി. മഹാത്മക്കളേയും സ്വഹാബിമാരേയും അവിടെ അദ്ദേഹം കണ്ടു. ശുബൂത്വി സാഹിബ് ബ്രിട്ടനിലെ വിവിധ യൂണിവേഴ്സിറ്റികളിൽനിന്ന് നേഴ്സിംഗിലും ഹെൽത്ത് മാനേജ് മെന്റിലും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി. ലിവർപൂൾ (Liverpool) യൂണിവേഴ്സിറ്റിയിൽനിന്ന് ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ഡിഗ്രി ചെയ്തു. യമൻ സെൻട്രൽ ഹെൽത്ത് ഇൻസ്റ്റിട്യൂട്ടിന്റെ ഡീൻ(Dean) എന്ന തസ്തിക ഉൾപ്പെടെ ആരോഗ്യ രംഗത്ത് ഏകദേശം 29 വർഷംവരെ വിവിധ സ്ഥാനങ്ങൾ വഹിച്ചു. മിഡിൽ ഈസ്റ്റിലെ പല രാജ്യങ്ങളിലും അതുപോലെ മറ്റു പല രാജ്യങ്ങളിലും ഇന്റർനാഷണൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂഷനുകളിൽ താൽക്കാലി നിയമോപദേഷ്ടാവായും സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. കുറച്ചുകാലമായി സുഖമില്ലായിരുന്നു. അങ്ങനെ ഈജിപ്തിലേക്ക് കൊണ്ടുപോയി. പിന്നീട് യൂ.കെയിൽ കൊണ്ടുവരാനുള്ള ശ്രമത്തിലായിരുന്നു. എന്നാൽ, പെട്ടെന്ന് രോഗം കൂടിയതിനാൽ ആശുപത്രിയിലായിരുന്നു. അവസാനം ഏപ്രിൽ 9ന് തന്റെ യഥാർഥ രക്ഷിതാവിന്റെ സന്നിധിയിൽ ഹാജരായി. പരേതൻ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ ഒരു മകൻ മുഹമ്മദ് ശുബൂത്വി സാഹിബ് അമേരിക്കയിൽ ഡോക്ടറാണ്. മൂന്നു പെൺമക്കളുമുണ്ട്. പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിമാരുമുണ്ട്. മൂത്ത മകൾ യമനിലാണ്. ഒരു മകൾ ജർമനിയിലാണ്. ഒരു മകൾ മർവാ ശുബൂത്വി സാഹിബ നമ്മുടെ ഇവിടെ യു.കെയിലുണ്ട്. എം.ടി..എ അൽഅറബിയായിൽ സേവനം ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ മകൾ മർവാ ശുബൂത്തി സാഹിബ പറയുന്നു: സ്വർഗം മാതാക്കളുടെ കാൽക്കീഴിലാണെന്ന് പറയുന്നത് ശരിതന്നെ. എന്നാൽ, എനിക്ക് മാതൃവാത്സല്യത്തിന് സമാനമായ വാത്സല്യം എന്റെ പിതാവിൽനിന്ന് ലഭിച്ചിരുന്നു. അല്ലെങ്കിൽ ഇങ്ങനേയും പറയാം എനിക്ക് മാതാവിന്റേയും പിതാവിന്റേയും സ്നേഹത്തിൽ ഒരു വ്യത്യാസവും അനുഭവപ്പെട്ടിട്ടില്ല. അവർ പറയുന്നു: എന്റെ പിതാവ് മുത്തഖിയും സുകൃതവാനും ഉന്നത ധാർമികഗുണങ്ങളുള്ള ആളും അത്യന്തം വിനയാന്വിതനും എളിമയുള്ള വ്യക്തിയുമായിരുന്നു. ക്ഷമ, സത്യസന്ധ്യത,വിശ്വസ്തത എന്നിവയുടെ ആൾരൂപമായിരുന്നു. സാധുസംരക്ഷകനും എല്ലാ മനുഷ്യരോടുമെന്നല്ല മനുഷ്യകുലത്തോടുതന്നെ സ്നേഹാധിക്യമുള്ള വ്യക്തിയുമായിരുന്നു.' ഇതേ കാര്യങ്ങൾതന്നെ ഒരുപാടാളുകൾ എഴുതിയിട്ടുണ്ട്. അന്യരും അതായത് ഇദ്ദേഹത്തെ പരിചയമുള്ള മറ്റുള്ളവരും ഇതുതന്നെ എഴുതിയിട്ടുണ്ട്. തന്റെ ജോലികളെ വളരെ സൂക്ഷ്മദൃഷ്ട്യാ പൂർത്തിയാക്കുമായിരുന്നു. സമയനിഷ്ഠയും വാഗ്ദാനപാലനവും നടത്തുന്ന വ്യക്തിയായിരുന്നു. മിക്കപ്പോഴും ആരാധനകളിലും നഫ്ലുകളിലും വ്യാപൃതനായിരുന്നു. ഫർള് നമസ്കാരങ്ങൾ വളരെ കൃത്യതയോടെ നിർവഹിച്ചിരുന്നു. പറയുന്നു, 2002 ൽ ഇദ്ദേഹത്തിന് ബയ്ത്തുല്ലായിൽപോയി ഹജ്ജ് ചെയ്യാനുള്ള സൗഭാഗ്യമുണ്ടായി. മാതാപിതാക്കൾ രണ്ടുപേരും പോയിരുന്നു. യമൻ ജമാഅത്തിന്റെ ആക്ടിംഗ് സ്വദ്ർ ഖാലിദ് അൽബസ്‌രി

സാഹിബ് പറയുന്നു: പരേതൻ പ്രായാധികൃത്തിലായിരുന്നിട്ടുകൂടി പ്രഭാവ ശാലിയായിരുന്നു. സുമനസ്സനും സുസ്മേരവദനനും ദാനശീലനും അതിഥി സൽക്കാര പ്രിയനുമായിരുന്നു. എല്ലാ അഹ്മദികളോടും ഒരു വാത്സല്യനിധിയായ പിതാവിനെപോലെ പെരുമാറിയിരുന്നു. ജമാഅത്തിന് ആവശ്യങ്ങൾ നേരിടുമ്പോൾ സ്വന്തം പോക്കറ്റിൽ നിന്ന് പണം ചെലവഴിക്കുമായിരുന്നു. ജമാഅത്തിന് ഉപയോഗിക്കാനുള്ള സാധനങ്ങൾ ഉദാഹരണത്തിന് പ്രിന്റർ, ഫാക്സ് മെഷീൻ, തുടങ്ങിയവ സ്വയം വാങ്ങിയിരുന്നു. ദരിദ്രരും നിസ്സഹായരുമായവരോടു വളരെ ദയാമനസ്കനും കരുണകാണിക്കുന്ന വ്യക്തിയുമായിരുന്നു. എല്ലാ സാധുക്കളായ അഹ്മദിക്കൾക്കും വേണ്ടി തുറന്ന മനസ്സോടെ ചെലവഴിക്കുമായിരുന്നു. അഹ്മദികളായ അനാഥരേയും വിധവകളേയും പരിപാലിക്കുമായിരുന്നു. യുദ്ധം കാരണം കഷ്ടത്തിലായ ഒരു കുടുംബത്തിന്റെ വാടക സ്വയം നല്കുമായിരുന്നു. പ്രായാധിക്യംമായിരുന്നിട്ടുകൂടി 2018-ൽ ഇദ്ദേഹം ഏദനിൽനിന്ന് സനായിലേക്ക് 20 മണിക്കൂർ ദീർഘമായ ബുദ്ധിമുട്ടേറിയ യാത്ര ചെയ്യുകയുണ്ടായി. സഊദി ആക്രമണ ഫലമായി വഴി വളരെ അപകടം പിടിച്ചതായിരുന്നു. പലയിടത്തും ചെക്കിംഗും നടന്നിരുന്നു. വാർധക്യം നിമിത്തം അദ്ദേഹത്തിന് നടക്കാനും പ്രയാസമായിരുന്നു. അദ്ദേഹം ഈ യാത്ര സനാ ജമാഅത്തിനോടൊപ്പം ഈദ് നമസ്കരിക്കാനും ദരിദ്രകുടുംബങ്ങൾക്ക് ഈദി നല്കാനും അവരുടെ സന്തോഷത്തിൽ പങ്കുചേരുന്നതിനുംവേണ്ടി മാത്രമായിരുന്നു ഇത് ചെയ്തിരുന്നത്. ജമാഅത്തംഗങ്ങളെല്ലാം അദ്ദേഹത്തിന്റെ വരവിൽ അതീവ സന്തുഷ്ടരായിരുന്നു.

അടുത്ത ജനാസ ജൽസാസാലാന ഓഫീസിൽ അക്കൗണ്ടന്റായിരുന്ന ഖുറയ്ശീ ദക്കാവുല്ലാഹ് സാഹിബിന്റേതാണ്. ഏപ്രിൽ 9 ന് 87-ാം വയസ്സിലാണ് ഇദ്ദേഹവും വഫാത്തായത്. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഖുറയ്ശീ സാഹിബിന്റെ കുടുംബത്തിൽ അഹ്ദിയ്യത്ത് അദ്ദേഹത്തിന്റെ മാതാമഹനും അദ്ദേഹത്തിന്റെ ഭാര്യയുടെ പിതാമഹൻ ഹദ്റത്ത് ഖുർശീദ് അലി സാഹിബും മുഖേനയാണ് വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)സിയാൽക്കോട്ടിൽ വന്നപ്പോഴാണ് ഹദ്റത്ത് ഖുർശീദ് അലി സാഹിബിന് 16-ാമത്തെ വയസ്സിൽ ബയ്അത്തു ചെയ്യാനുള്ള സൗഭാഗ്യം കിട്ടിയത്. ഖുറയ്ശീ സാഹിബിന്റെ ഭാര്യ മുമ്പേതന്നെ മരണപ്പെട്ടിരുന്നു. 5 പെൺമക്കളും ഒരു മകനുമാണുള്ളത്. മകൻ ഖുർആൻ ഹാഫിളാണ്. ഇവിടെ യു.കെയിലാണ് താമസിക്കുന്നത്. ഒരു മകൾ റബ്വയിലെ പി.എസ് ഓഫീസിലെ ഉദ്യോഗസ്ഥന്റെ ഭാര്യയാണ്. രണ്ടാമത്തെ മകൾ മാഞ്ചസ്റ്ററിലാണ്. ഒരു മകൾ മരിച്ചുപോയി.

അദ്ദേഹം 1954-ലാണ് ജമാഅത്തിന്റെ സേവനത്തിന് ആരംഭം കുറിക്കുന്നത്. സ്വദർ നിഗ്രാൻ ബോർഡ് ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ തണലിൽ അദ്ദേഹം റിലീവിംഗ് ക്ലാർക്ക് എന്ന നിലയിൽ ജോലി ചെയ്തു. റബ്വയിലെ സ്വദർ അഞ്ചുമൻ അഹ്മദിയ്യായിൽ 58 വർഷത്തിലധികം അദ്ദേഹം സേവനമനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ മകൻ ഹാഫിള് ശംസുദ്ദുഹാ സാഹിബ് പറയുന്നു:ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിനോടൊപ്പം സേവനം ചെയ്യാൻ ഇദ്ദേഹത്തിന് തൗഫീക് കിട്ടി. ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിൽ പോകാറുണ്ടായിരുന്നു. തുടക്കത്തിൽ ഒരിക്കൽ ആദ്യമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിൽ പോയപ്പോൾ അദ്ദേഹം ഇരിക്കാൻ പറഞ്ഞു. അപ്പോൾ എന്റെ പിതാവ് പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകനു നേർക്കുനേരെ എനിക്കെങ്ങനെയാണ് ഇരിക്കാൻ കഴിയുക. അപ്പോൾ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറഞ്ഞു: അൽഅംറു ഫൗഖൽ അദബ് അതായത് കല്പന ആദരവിനെക്കാളും ബഹുമാനത്തെക്കാളും കൂടുതൽ പ്രാധാന്യമുള്ളതാണ്. ഇദ്ദേഹം പറയുന്നു: എന്റെ പിതാവ് നിശബ്ദ പ്രകൃതനായിരുന്നു. അഞ്ചുനേരവും ഇമാമും ജമാഅത്തുമായുള്ള നമസ്കാരത്തിന് നിഷ്ഠ കാണിച്ചിരുന്നതിന് പുറമെ തഹജ്ജുദ് നമസ്കാരവും വളരെ കൃത്യമായി അനുഷ്ഠിച്ചിരുന്നു. പരേതാത്മാക്കൾക്കുവേണ്ടി ചന്ദകൾ നല്കിയിരുന്നു. കുടുംബത്തിലെ മുതിർന്നവരെ വീട്ടിൽ താമസിപ്പിച്ച് സേവനം ചെയ്തിരുന്നു. അതിൽ ചിലർ ഞങ്ങളുടെ വീട്ടിൽവച്ചുതന്നെയാണ് വഫാത്തായതും. ഖിലാഫത്തിനോടു ഒരുപാട് വിശ്വസ്തതയും സ്നേഹവുമായിരുന്നു. അത് ഞങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രമിക്കുമായിരുന്നു. ചെറുപ്പത്തിൽ എന്നെ നമസ്കരിക്കാൻ കൊണ്ടുപോകുമ്പോൾ വഴിയിൽവച്ച് മിക്കപ്പോഴും ഇങ്ങനെ പറയുമായിരുന്നു. കാലത്തിന്റെ ഖലീഫ എപ്പോൾ സേവനത്തിനു വിളിച്ചാലും അതിന് എപ്പോഴും സന്നദ്ധനായിരിക്കണം. പല ദരിദ്രരുടേയും സാധുജനങ്ങളുടേയും ചെലവുകൾ സ്വയം വഹിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മകൾ അമത്തുസ്സലാം പറയുന്നു: എന്റെ പിതാവ് സ്വന്തം സ്വത്തിൽനിന്ന് റബ്വയിൽ ഒരു കനാൽപ്ലോട്ട് മഹല്ല നസ്വീറാബാദ് സുൽത്വാനിൽ മസ്ജിദ് നിർമാണത്തിന് സ്വദർ അഞ്ചുമൻ അഹ്മദിയ്യായുടെ പേരിൽ ഇഷ്ടദാനമായി എഴുതി നല്കിയിരുന്നു. ഒരു മാസത്തിൽ പൊതുവെ രണ്ടുപ്രാവശ്യം ഖുർആൻ ഖത്തം ചെയ്യുമായിരുന്നു. മക്കൾക്കെല്ലാം നല്ല വിദ്യാഭ്യാസവും ശിക്ഷണവും നല്കിയിരുന്നു.

അടുത്ത ജനാസ കനഡയിലെ മലിക് ഖാലിഖ് ദാദ് സാഹിബിന്റേതാണ്. 85-ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന്റെ മാതാമഹൻ ഖാദിയാനിലെ വ്യാപാരി ആയിരുന്ന ഹദ്റത്ത് ശയ്ഖ് നൂറുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ മൗലാ ദാദ് സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ തൗഫീഖ് കിട്ടി. കനഡയിൽ ധനവകുപ്പിൽ സേവനം ചെയ്തുകൊണ്ടിരുന്നു. നമസ്കാരവ്രതാദികാര്യങ്ങളിൽ കൃത്യനിഷ്ഠനും അനുകമ്പാലുവും കാരുണ്യവാനും സാധുസംരക്ഷകനും സൽപ്രകൃതനും ആത്മാർഥനും വിശ്വസ്തനുമായിരുന്നു. ചന്ദ നല്കുന്നതിലും ധനത്യാഗങ്ങളിൽ പങ്കെടുക്കുന്നതിലും എപ്പോളും മുൻപന്തിയിലായിരുന്നു. ഖിലാഫത്തിനോടു വിശ്വസ്തതയും കൂറും പുലർത്തിയിരുന്നു. ഇക്കാര്യം ഞാനും അദ്ദേഹത്തിൽ കണ്ടിട്ടുണ്ട്. ഖിലാഫത്തിനോടു അനിതരസാധാരണമായ ബന്ധം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആദ്യകാല മൂസികളിൽപെടുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ 4 ആൺമക്കളും 3 പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ കനഡയിലെ നാഷണൽ ആമിലയിൽ സേവനമനുഷ്ഠിച്ച് വരുന്നു.

അടുത്തത് നള്ളാറത്തെ ഉമൂറെ ആമയിലെ ഉദ്യോഗസ്ഥനായ മുഹമ്മദ് സലീം സ്വാബിർ സാഹിബിന്റേതാണ്. മാർച്ച് 27 ന് 77-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സലീം സ്വാബിർ സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് മിയാ നൂർമുഹമ്മദ്(റ) മുഖേനയാണ് വന്നത്. അദ്ദേഹത്തിന്റെ പിതാവ് ഖാദിയാനിന്റെ സമീപഗ്രാമമായ വെ ഞ്ചുവാകാരനായിരുന്നു. അദ്ദേഹം ആ1903-ൽ സ്വയം ഖാദിയാനിൽപോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ നേരിട്ട് ബയ്അത്തു ചെയ്തതായിരുന്നു. 1962 മെയ് 19 ന് സ്വദർ അഞ്ചുമൻ അഹ്മദിയ്യായിൽ ഇദ്ദേഹം സേവനത്തിന് നിയമിതനായി. 1968-ൽ ദീവാനിൽനിന്ന് പ്രൈവറ്റ് സെക്രട്ടറി ഓഫീസിലേക്ക് ഇദ്ദേഹത്തെ മാറ്റി. ഹദ്റത്ത് ഖലീഫത്തിൽ ഥാലിഥ് (റഹ്) അദ്ദേഹത്തെ തന്റെ ഓഫീസിലേക്കെടുത്തു. പിന്നീട് 1987 മുതൽ 2006 വരെ ഉമൂറെ ആമയിൽ ആഡിറ്ററായിരുന്നു. അദ്ദേഹത്തിന്റെ സേവനകാലവും ഏകദേശം 59 വർഷമാണ്. മർഹൂം മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരപുത്രനും ജാമാതാവും പറയുന്നു:ഇദ്ദേഹം തഹജ്ജുദ് കൃത്യമായി നമസ്കരിക്കുന്ന ആളായിരുന്നു. നമസ്കാരങ്ങളിൽ പൊതുവേയും തഹജ്ജുദിൽ പ്രത്യേകിച്ചും അദ്ദേഹം വിലപിച്ച് പ്രാർഥിക്കുമായിരുന്നു. എത്രത്തോളമെന്നാൽ കൂടെ നില്ക്കുന്നവരുടെ ഹൃദയവും അതിൽ അലിഞ്ഞുപോകുമായിരുന്നു. നവതലമുറ കാലത്തിന്റെ ഖലീഫയെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പതിവായി ഉപദേശിക്കുമായിരുന്നു. ഓഫീസ് സമയം കൂടാതെയും ഓഫീസ് കാര്യത്തിന് സമയം നല്കുകയും ജമാഅത്തിലെ ആരുടെ സങ്കടവും സ്വന്തം സങ്കടമായി മനസ്സിലാക്കുകയും ജനങ്ങളുടെ പ്രശ്നങ്ങളെ കാലത്തിന്റെ ഖലീഫയുടേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും അനുസരണത്തെ മുന്നിൽവച്ചുകൊണ്ട് പരിഹരിക്കുകയും എപ്പോഴും നബി(സ)തിരുമേനിയുടെമേൽ സ്വലാത്തു ചൊല്ലുകയും നിശബ്ദമായി സാധുക്കളെ സഹായിക്കുകയും തുടങ്ങി നിരവധി നല്ല ഗുണങ്ങളുടെ ഉടമയായിരുന്നു അദ്ദേഹം.

അമേരിക്കയിലെ സാഹിബ്സാദ മഹ്ദീ ലത്വീഫ് സാഹിബിന്റെ ഭാര്യ നയീമ ലത്വീഫ് സാഹിബയുടേതാണ് അടുത്ത ജനാസ. ഇവർ മാർച്ച് 10 ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവരുടെ ഭർത്താവ് സാഹിബ്സാദ മഹ്ദീ ലത്വീഫ് സാഹിബ് ഹദ്റത്ത് സാഹിബ്സാദ അഹ്ദുല്ലത്വീഫ് സാഹിബ് ശഹീദിന്റെ പൗത്രനായിരുന്നു. പരേത 1969-ൽ പിശാവർ യൂണിവേഴ്സിറ്റിയിൽനിന്ന് ബോട്ടണിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. പിന്നീട് പിശാവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോട്ടണി ഡിപ്പാർട്ടു മെന്റിൽ നിന്ന് ഗവേഷണവും ആരംഭിച്ചു. 1972 വരെ അതു തുടർന്നു. 1970 -ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ ആഹ്വാനപ്രകാരം നുസ്റത്ത് ജഹാൻ സ്കീമനുസരിച്ച് വഖ്ഫ് ചെയ്തു. അവരുടെ ഇളയ സഹോദരൻ സയീദ് മലിക് സാഹിബും അവരോടൊപ്പം നൈജീരിയായിൽ പോകുകയുണ്ടായി. 1975 വരെ അവിടെ താമസിച്ചു. ആ കാലയളവിൽ അവർ വുമൺ അറബിക് ടീച്ചേഴ്സ് വുസ്ക്കോയിലെ (Women Arbic Teachers College Gusau) പ്രിൻസിപ്പാളായും സേവനമനുഷ്ഠിക്കുകയുണ്ടായി. 1975ൽ അമേരിക്കയിലേക്ക് പോയി. ഇവിടെ വീണ്ടും അവർ യൂണിവേഴ്സിറ്റി ഓഫ് നെബറാസ്ക (University of Nebraska)യിലെ ബോട്ടണി ഡിപ്പാർട്ടുമെന്റിൽ റിസർച്ച് എന്ന നിലയിൽ പ്രവൃത്തിച്ചു. അവിടെനിന്ന് പിന്നീട് മെരിലാന്റിലേക്ക് വന്നു.

മെരിലാന്റിൽ തുടർച്ചയായി ലജ്നയിൽ സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചു. അമേരിക്കയിൽ നാഇബ് സ്വദ്ർ എന്ന നിലയിലും സേവനമനുഷ്ഠിക്കാനായി. വാഷിംഗ്ടൺ ലജ്നയുടെ സ്വദ്റായും സേവനമനുഷ്ഠിച്ചു. വളരെ കഠിനാധ്വാനിയായ മറ്റുള്ളവരുടെ ദുഃഖത്തിൽ വേദനയോടെ പങ്കെടുക്കുന്ന മഹതിയായിരുന്നു. പരേത മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിന് കൂടാതെ നാലു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. മക്കളുണ്ടായിരുന്നില്ല. അവരുടെ ഒരു സഹോദരൻ അമേരിക്കയിലെ നാഇബ് അമീറാണ്. ഒരാൾ അമേരിക്കയിൽ ദാറുൽഖളായിൽ പ്രവത്തിച്ചുവരുന്നു.

അടുത്ത് ജനാസ കനഡയിലെ ശരീഫ് സാഹിബിന്റെ ഭാര്യ സ്വഫിയബീഗം സാഹിബയുടേതാണ്. 80-ാമത്തെ വയസ്സിൽ മാർച്ച് 11 ന് വഫാത്തായി.*ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അവർ പിശാവറിലെ മുൻ മുറബ്ബി മൗലവി ചിരാഗ്ദീൻ സാഹിബിന്റെ മൂത്ത മകളായിരുന്നു. വാഹ്കേന്റിൽ ഒരു നീണ്ട കാലം ലജ്ന സ്വദ്റായും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. 1993-ൽഒരു അപകടത്തിൽ ഇവരുടെ ഭാർത്താവ് മരണപ്പെട്ടു. ഭർത്താവിന്റെ നിര്യാണശേഷം മക്കളെ നല്ലനിലയിൽ വളർത്തി. നമസ്കാരവ്രതാദികളിൽ കൃത്യനിഷ്ഠയും തഹജ്ജുദ് ശീലയും ക്ഷമാശീലയും കൃതജ്ഞതയുള്ളവരുമായിരുന്നു. എല്ലാവരോടും വളരെ നല്ല നിലയിൽ പെരുമാറയിരുന്നു. സൽപ്രകൃതയും സഹതാപശീലയുമായിരുന്നു. 1/3 വസിയ്യത്ത് ചെയ്ത മൂസിയയായിരുന്നു. സന്തപ്ത കുടുംബത്തിൽ നാലു പെൺമക്കളും ഒരു മകനുമുണ്ട്. അവരുടെ എല്ലാ മക്കളും ഏതെങ്കിലുമൊക്കെ നിലയിൽ ജമാഅത്തിന് സേവനം ചെയ്യുന്നവരാണ്. അല്ലാഹു ഈ പരേതാത്മാക്കളോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

❖❖❖

(പേജ് 1 ൽ നിന്ന്)

അവന്റെയടുത്ത് വരികയില്ല. അവൻ വെള്ളം ഉപയോഗിക്കുന്നത് തടയപ്പെടുന്നവനായി തീരും. ഇപ്രകാരം സൃഷ്ടികളെ പൂജിക്കുന്നവർ ആ സൃഷ്ടികളിൽ മറഞ്ഞിരിക്കുന്ന നേട്ടങ്ങളിൽനിന്ന് തടയപ്പെട്ടവരായിത്തീരുന്നു. നക്ഷത്രങ്ങളേയും നദികളേയും ദൈവമാക്കുന്നവർക്ക് അതിന്റെമേൽ എപ്പോഴാണ് ഭരണം നടത്താൻ തന്റേടമുണ്ടാകുക. മനുഷ്യനെ ദൈവമാക്കുന്നവർക്ക് അവരിൽനിന്ന് എപ്പോഴാണ് ഫലമെടുക്കാൻ കഴിയുക. ഒരു നബിയെ ദൈവമാക്കുന്നവൻ നബിയിൽനിന്നുള്ള ഫലം എടുക്കുകയില്ല. ദൈവത്തിൽനിന്നു കിട്ടുന്ന ഫലം നബിക്കു നല്കാൻ സാധിക്കുകയില്ല. അതിനാൽ അവന്റെ യഥാർഥമായ ഫലത്തിൽനിന്ന് ഈ വ്യക്തി തടയപ്പെട്ടവനായിത്തീരുന്നു. ഇന്ത്യ അഭിവൃദ്ധിയുടെ രംഗത്ത് ഏറ്റവും പിന്നിലാകാനുള്ള വലിയ കാരണം അവർ വെള്ളത്തേയും അഗ്നിയേയും ആരാധകരാക്കി എന്നതാണ്. അതിന്റെ മുമ്പിൽ കൈകൂപ്പിയിരുന്നു. അതാണെങ്കിൽ പുരോഗതിക്കുള്ള രണ്ടു വലിയ കാര്യങ്ങളായിരുന്നു. എന്നാൽ, യൂറോപ്യൻ ജനത അവ പ്രയോജനപ്പെടുത്തി. അഭിവൃദ്ധിപ്പെട്ട് മുമ്പോട്ടുപോയി. ഹിന്ദുക്കളുടെ അവസ്ഥ എത്രത്തോളമാണെന്നാൽ ഇംഗ്ലീഷുകാർ ഗംഗനദി കീറി വെള്ളംകൊണ്ടുപാകാൻ തുടങ്ങിയപ്പോൾ തങ്ങളുടെ ദൈവത്തെ വെട്ടിക്കീറാൻ പോകുന്നുവെന്ന് പറഞ്ഞ് അവർ ബഹളമുണ്ടാക്കി. മുസ്ലിമീങ്ങളും തങ്ങളുടെ അധഃപതനകാലത്ത് മാഹാത്മാക്കൾക്ക് ദൈവപരമായ സവിശേഷതകൾ നല്കി അവരോടു പ്രാർഥിക്കാൻ തുടങ്ങി. അതിന്റെ ഫലമായി ഏറ്റവും നല്ല മാതൃകയെന്ന നിലയിൽ പ്രയോജനപ്പെടേണ്ടതായ - അത് ആ മഹാത്മാക്കളിൽനിന്ന് കിട്ടേണ്ട യഥാർഥ നേട്ടമായിരുന്നു - അവർ ഇവർക്ക് നിഷേധിക്കപ്പെട്ടു. ആ മരിച്ചുപോയ മഹാത്മാക്കൾക്ക് ദുആകൾ കേൾക്കാൻ കഴിവേ ഉണ്ടായിരുന്നില്ല. അങ്ങനെ അവർക്ക് ഉന്നതസ്ഥാനം നല്കി അവർക്ക് ഫലമൊന്നും എത്തിച്ചില്ലെന്ന് മാത്രമല്ല സ്വയം നേട്ടങ്ങൾ നിഷേധിക്കപ്പെടുന്നവരാകുകയും ചെയ്തു. ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത് മനുഷ്യന്റെ അഭിവൃദ്ധിക്ക് അന്യാരാധന ഉഗ്രമായ തടസ്സമാണെന്നാണ്. അന്യാരാധന കാരണത്താൽ സൃഷ്ടികളിൽ അല്ലാഹു വെച്ചിട്ടുള്ള നേട്ടങ്ങൾ കരസ്ഥമാക്കാൻ മനുഷ്യന് സാധിക്കുകയില്ല.വമാ ദുആഉൽകാഫിരീന ഇല്ലാ ഫീ ളലാൽ അവരുടെ ദുആകൾ അതിന്റെ സ്വീകാര്യതയുടെ സ്ഥാനത്തെത്താതെ പാഴായിപ്പോകുന്നു. അല്ലാഹുവിന്റെ അടുത്തെത്തുന്നതിനെയാണ് ദുആ എന്നു പറയുന്നത്. കത്ത് അല്ലെങ്കിൽ ദൂതൻ യഥാർഥ സ്ഥലത്തല്ലാതെ മറ്റുസ്ഥലത്ത് പോയാൽ അതു പോകുകയും പോകാതിരിക്കുന്നതും സമമാണ്. ഇതുപോലെ പറഞ്ഞു, അവിശ്വാസികളുടെ പ്രാർഥന മേൽവിലാസമില്ലാതെ ഇരുന്നുപോകുന്നു. ദുആസ്വീകാര്യതയുടെ യഥാർഥ സ്ഥലം അല്ലാഹുവിന്റെ സത്തയാണ്. ഈയാളുകൾ തങ്ങളുടെ പ്രാർഥനകളിൽ അല്ലാഹുവിന്റെ മേൽവിലാസം എഴുതിയിരുന്നെങ്കിൽ അവനെത്തുമായിരുന്നു. അവർക്ക് മറുപടിയും കിട്ടുമായിരുന്നു. എന്നാൽ, അവർ ദുആ സ്വീകരിക്കാൻ കഴിവില്ലാത്ത സൃഷ്ടികളുടെ പേരെഴുതാൻ തുടങ്ങി. അതുകൊണ്ട് അവരുടെ ദുആകൾ പാഴായിപ്പോകുകയും മാർഗങ്ങൾ പരാജയപ്പെടുകയും ചെയ്തു.'(തഫ്സീറെ കബീർ വാള്യം 3, പേജ് 397, ഖാദിയാൻ പ്രസിദ്ധീകരണം 2010)

(പേജ് 12 ൽനിന്ന്)

അഹ്മദ്,ശാബില് അഹ്മദ്,ഇൽതിമാസ് റോശൻ ഖുറയ്ശി, ദുൽകിഫ്ല് കോംപിയർ(Compier),ദുൽകർനയ്ൻ,മുഹമ്മദ് ബാസിൽ ആരിഫ്, ശർജീൽ അഹ്മദ്, സമാൻ ചൗദ്രി, മുഹമ്മദ് ജരിയുല്ലാഹ്, അൻസ്വർ അഹ്മദ്, ഹസാൻ അഹ്മദ് തഅ്നീസ് അഹ്മദ് ബദ്ർ, ഹാദിഖ് അഹ്മദ്, അഹ്സൻ അഹ്മദ്, റയ്യാൻ അഹ്മദ് സിദ്ദീഖി. ദീശാൻ മുഹമ്മദ്, അത്വ്ഹർ അഹ്മദ്, റമീള് അബ്ബാസ് ഖാളി. മിഅ്റാജ് അഹ്മദ് ശായാൻ, മുവഹ്ഹിദ് അഹ്മദ് അക്മൽ, ദീശാൻ വഹീദ്, ഹസീബ് അഹ്മദ്, കാംറാൻ ഇഅ്ജാസ്, ഇംറാൻ ഇഅ്ജാസ്.

സൗഭാഗ്യാരായ ഈ കുട്ടികൾ ചുവടെ ചേർക്കുന്ന ജമാഅത്തിൽനിന്ന് വന്നവരാണ്. നൺസ്പീറ്റ്(Nunspeet), സ്വോളെ (Zwolle),ആംസ്റ്റെൽ വീൻ(Amstelveen), അൽമെറെ(Almere), സോടർമീർ (Zoetermeer), ആറൻഹേം(Arnhem),മാസ്ട്രിച്ച്ട്(Maastricht),ഡെൻഹാഗ്(Den Haag), റോട്ടർഡാം (Rotterdam), ഐന്തോവൻ (Eindhoven).

ആമീൻ പരിപാടിക്കുശേഷം മഗ്രിബ് - ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**<u>2019 സെപ്റ്റംബർ 28 ശനിയാഴ്ച</u>**

രാവിലെ 6.30 - ന് ജൽസാ ഗാഹിൽ സ്വുബ്ഹി നമസ്കാരത്തിന് ഹുദൂർ നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി. സ്ത്രീകളുടെ ജലൽസാഗാഹിൽ ഇന്ന് ഹുദൂറിന്റെ പ്രഭാഷണദിവസമായിരുന്നു. രാവിലെ ലജ്നാ ജൽസാഗാഹിൽ 10.40 - ന് ഹദ്റത്ത് ബീഗം സാഹിബ മദ്ദ ളില്ലുഹായുടെ അധ്യക്ഷതയിൽ ഈ പരിപാടി ആരംഭിച്ചു. ഉച്ചക്ക് 12 മണിവരെ അതു നീണ്ടുനിന്നു. ഈ സെഷനിൽ തിലാവത്ത്, ഉർദു തർജമ, ഒരു പദ്യാലാപനം രണ്ട് പ്രഭാഷണങ്ങൾ എന്നിവ നടന്നു. പ്രഥമ പ്രസംഗം ഉർദുവിലും രണ്ടാമത്തേത് ഡച്ച് ഭാഷയിലുമായിരുന്നു. ഹുദൂർ എത്തുന്നതുവരെ പദ്യാലാപനങ്ങൾ നടന്നുകൊണ്ടിരുന്നു. നാള്വിമെ അഅ്ലാ ആയ ഹോളണ്ട് ലജ്നാ സ്വദ്ർ തന്റെ ഡെപ്യൂട്ടി നാള്വിമ അഅ്ലമാരോടൊപ്പം ഹുദൂറിനെ വരവേറ്റു. സ്ത്രീകൾ **അഹ്ലൻ വ്വ സഹ്ലൻ വ്വ മർഹബ** പറഞ്ഞാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ സ്വാഗതം ചെയ്തത്. അസീസ റയ്ഹാന വഹ്ഹാബ് സാഹിബിന്റെ തിലാവത്തോടുകൂടി പ്രോഗ്രാം ആരംഭിച്ചു. അസീസ മാരിയ ഹസൻ സുബയ്ർ ഉർദു തർജമ കേൾപിച്ചു. ഥൗബിയ ലഗാരി സാഹിബ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ചുവടെ ചേർക്കുന്ന പദ്യം ആലപിച്ചു.

**വൊ പേശ് വാ ഹമാരാ ജിസ് സേ ഹെ നൂർ സാരാ**
**നാം ഉസ്കാ ഹെ മുഹമ്മദ് ദിൽബർ മേരാ യഹീ ഹെ.**


വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ 21 വിദ്യാർഥിനികൾക്ക് ഹുദൂർ സർട്ടിഫിക്കറ്റുകൾ നല്കി. ഹദ്റത്ത് ബീഗം സാഹിബ ഒപ്പം മെഡലും അണിയിച്ചു. ആ സൗഭാഗ്യരായ വിദ്യാർഥിനികൾ ഇപ്പറയുന്നവരാണ്: നൂറയ്ൻ രിളാ സാഹിബ. (എം. എസ്. സി ഫിസിക്സ്).പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോർ, നൂറയ്ൻ രിളാ സാഹിബ. (എംഫിൽ ഫിസിക്സ്).പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോർ, അമത്തുൽ മുജീബ് നയ്യർ സാഹിബ (എം. എസ്. സി Environmental ബയോളജി), നൈജീരിയ,

താനിയ സയീദ്(Primary Education ബോർഡ് പരീക്ഷയിൽ 98 ശതമാനം മാർക്ക്).രോശ്നി നയീം(ബി.എസ്.സി മൈക്രോ ബയോളജി. ജിന്നാ യൂണിവേഴ്സിറ്റി കറാച്ചി). മിനാൽബശീർ (Primary Education ബോർഡ് പരീക്ഷയിൽ 100 ശതമാനം മാർക്ക്). നുഅ്മാന ത്വാഹിർ(എഫ്. എസ്. സി. പ്രീ എഞ്ചിനീയ റിംഗ്) നുസ്വ്റത്ത് ജഹാൻ കോളേജ്, റബ്വ. സന്നീറ ചൗദ്രി വഡായിച്ച്(ബി. എസ്. സി. ഇന്റർ നാഷണൽ കമ്യൂണിക്കേഷൻ ആന്റ് മീഡിയ) Utrecht, ഹോളണ്ട്. ബുശ്റ ബശാറത്ത്(എം ഫിൽ കെമിസ്ട്രി) സർഗോദ യൂണിവേഴ്സിറ്റി പാക്കിസ്താൻ. ഉറൂജ് ഖുറൽ (ബി. എസ്. സി.) Geneeskunde ERAMUS യൂണിവേഴ് സിറ്റി, നാഇല നീലോഫർ ഹഫീള് (എം. എസ്. സി)Tandheelkunde VRIJE യൂണിവേഴ്സിറ്റി ആംസ്റ്റർഡാം. ള്വില്ല് ഹുമാ അബ്ബാസി (എഫ്. എസ്. സി. പ്രീ എഞ്ചിനീയറിംഗ്), ഫയ്സ്വലാബാദ്, പാക്കിസ്താൻ, Irma Marie -Louise(എം എസ് സി) Geneeskunde യൂണിവേഴ്സിറ്റി, Van Maatricht, ഫാഇഖ അഹ്മദ്. (ബി.എസ്.സി സിവിൽ എഞ്ചിനിയറിംഗ്. യൂ ഏ ഇ യൂണിവേഴ്സിറ്റി,

ത്വയ്യിബ സഅ്ദിയ്യ (ബി.എസ്.സി സൈക്കോളജി) സർഗോദ യൂണിവേഴ്സിറ്റി, പാക്കിസ്താൻ, Emine Rustemi (പ്രൈമറി എജ്യൂക്കേഷൻ ബോർഡ് പരീക്ഷയിൽ 100 ശതമാനം മാർക്ക്), ശാഫിയ മഹ്മൂദ്(GCSE-8 ഏ സ്റ്റാറും 5 ഏയും)ബ്രിന്റ് വോഡ് ഹൈസ്കൂൾ, യൂകെ, മാരിയ ചൗദ്രി(ബി.എസ്.സി Zoology)പഞ്ചാബ് യൂണിവേഴ്സിറ്റി, ലാഹോർ, അദീല നയീം ചൗദ്രി(ബി.എസ്.സി എക്സർസൈസ് ആന്റ് ഹെൽത്ത് ഫിസിയോളജി) കാൽഗരി യൂണിവേഴ്സിറ്റി, കനഡ, നള്വ്രീൻ Sahebali (ബി.എ) മിഡിൽ ഈസ്റ്റേൺ സ്റ്റഡീസ്, Leiden യൂണിവേഴ്സിറ്റി.റുഅ്യത്തുന്നൂർ Compier(Exceptional Performance പ്രൈമറി എജ്യൂക്കേഷൻ.

തഅ്ലീമി അവാർഡ് ദാന പരിപാടിക്കുശേഷം 12.50 - ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ച് പ്രഭാഷണം നടത്തി. (തുടരും)

❖❖❖



EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 27 May 2021 Issue-21

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 7 ൽ നിന്ന്)

അവസരം ലഭിച്ചതിൽ അല്ലാഹുവിനോട് ഞാൻ വളരെ കൃതജ്ഞനാണ്. ഹുദൂറിനെ ഒരു നോക്ക് കാണാൻ ജനങ്ങൾ വരിവരിയായി നില്ക്കുന്നത് ഒഠഅ യിൽ ഞാൻ കാണാറുണ്ടായിരുന്നു. ഈ വ്യക്തികളിൽ ഉൾപ്പെടാൻ എനിക്കും കഴിയുമോ എന്ന് അപ്പോൾ ഞാൻ ചിന്തിച്ചിരുന്നു. ഇന്ന് അല്ലാഹു എന്റെ ആഗ്രഹം പൂർത്തിയാക്കി. ഞാൻ ഹുദൂറിനെ കാണുക മാത്രമല്ല ചെയ്തത്. കൂടിക്കാഴ്ചക്കോടൊപ്പം ഹുദൂറിനോട് സംസാരിക്കുന്നവരുടെ കൂട്ടത്തിലും ഉൾപ്പെട്ടു. ഇതു എന്റെ ജീവിതത്തിലെ വിലപിടിച്ച സമ്പാദ്യമായിരുന്നു.

റബ്വയിൽനിന്നു വന്ന ത്വാരിഖ് മഹ്മൂദ് സാഹിബ് തന്റെ കുടുംബത്തോടൊപ്പം ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചക്കു ശേഷം പുറത്തുവന്നു. അദ്ദേഹത്തിന്റെ അനുഭവം ചോദിച്ചപ്പോൾ പറഞ്ഞു: ഈ ഒരു ദിവസത്തിനുവേണ്ടി നീണ്ടകാലമായി ഞങ്ങളുടെ ഹൃദയം തുടിച്ചിരുന്നു. വളരെ വലിയ ഭാഗ്യവാന്മാർക്കേ ഈ ദിനം പ്രാപ്തമാകൂ. എന്റെ കുടുംബം ജീവിതത്തിൽ ആദ്യമായാണ് ഖലീഫത്തുൽമസീഹിനെ ഇത്രയടുത്ത് കാണുന്നത്. എന്റെ മൂന്ന് മക്കൾ വഖ്ഫെ നൗ പദ്ധതിയിലുണ്ട്. വഖ്ഫെനൗവിൽ അല്ലാത്ത ഒരു മകൾ താനതിൽ അല്ലാത്തതിൽ കരഞ്ഞു പോയി. ഹുദൂർ അൻവർ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു:'നീ ഡോക്ടറാകുക.'

അദ്ദേഹം തുടരുന്നു: ഞാൻ സർക്കാരിൽനിന്ന് അലൗൺസ് വാങ്ങുന്നത് നിറുത്തിയിരുന്നു. ഞാനിക്കാര്യം ഹുദൂറിനോട് സൂചിപ്പിച്ചു. അതു വാങ്ങിയില്ലെങ്കിൽ വളരെ ബുദ്ധിമുട്ടിലാകുമെന്ന് സർക്കാർ അറിയിച്ചപ്പോൾ ഞാനവരോട് പറഞ്ഞു:'സ്വന്തം സമ്പാദിക്കാനും ജോലി ചെയ്ത് ജീവിതെ നയിക്കാനും ഞങ്ങളുടെ ഇമാം പറഞ്ഞിട്ടുണ്ട്. ഇതു കേട്ടപ്പോൾ ഹുദൂർ അൻവർ എനിക്ക് വേണ്ടി വളരെയധികം ദുആ ചെയ്തു. ഇനി എനിക്ക് ഒരു ചിന്തയുമില്ല. എന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടക്കുന്നതായിരിക്കും.'

റബ്വയിൽനിന്നു വന്ന സുൽത്വാൻ അഹ്മദ് സാഹിബ് പറയുന്നു:ഇന്ന് അല്ലാഹുവിന്റെ വലിയ ഔദാര്യം ഉണ്ടായി. ഞാൻ വളരെ സന്തോഷവാനാണ്. എന്റെ ജീവിതത്തിലെ ആദ്യ കൂടിക്കാഴ്ചയാണിത്. പാക്കിസ്താനിൽ താമസിച്ചുകൊണ്ട് ഹുദൂർ അൻവറിനെ കാണാൻ കഴിയുമെന്ന കാര്യം സങ്കല്പത്തിൽ പോലും ഇല്ലായിരുന്നു. MTA യിൽ ഹുദൂറിനെ കാണാറുണ്ടായിരുന്നു. ഇന്ന് ഞാൻ വലിയ സൗഭാഗ്യവാനാണ്. ഈ സൗഭാഗ്യത്തിൽ വളരെ സന്തുഷ്ടനുമാണ്.

പാക്കിസ്താനിലെ ഗുജറാത്തിൽനിന്നു വന്ന തർസ്വദ് ഇനായത്ത് മഹ്ർ സാഹിബ് 1999 ലാണ് ബയ്അത്ത് ചെയ്യുന്നത്. സ്വന്തം കുടുംബത്തിലെ ഏക അഹ്മദി. അദ്ദേഹം പറയുന്നു: ഹുദൂറിനെ കണ്ടപ്പോൾ ഇത്രയധികം അടുത്ത് എത്തിപ്പെടാനും കാണാനും സാധിക്കുമോ എന്ന ഉറപ്പ് വന്നിരുന്നില്ല. ഖലീഫത്തുൽമസീഹിന്റെ മുമ്പിൽ സ്വന്തം വികാരത്തിനുമേൽ നിയന്ത്രണം വെക്കാൻ വളരെ പ്രയാസമാണ്. ഹുദൂറിന്റെ അനുഗ്യഹീത തിരുമുഖത്ത് ദ്യഷ്ടി പതിഞ്ഞതും നോക്കിക്കൊണ്ടേയിരിക്കാൻ ഹ്യദയം വെമ്പൽ കൊള്ളുന്നുണ്ടായിരുന്നു. ദ്യഷ്ടിയെടുക്കാൻ ഹ്യദയം ഇഷ്ടപ്പെട്ടുരുന്നില്ല. ഞാൻ ജർമൻ ജൽസയിൽ പോയിരുന്നു. എപ്പോഴും മുൻപന്തിയിൽ ഹുദൂറിനെ അടുത്ത് കാണാൻ ഇരുന്നിരുന്നു. എത്ര നോക്കിയാലും ഹ്യദയത്തിന് മതിവരുന്നില്ലായിരുന്നു. ഹുദൂറിനെ ഇത്രയടുത്ത് കാണാൻ സാധിച്ച ഇന്ന് ഞാൻ വളരെ സൗഭാഗ്യവാനാണ്. ഈ നിമിഷങ്ങൾ സൗഭാഗ്യവാന്മാർക്ക് മാത്രമേ പ്രാപ്തമാകുകയുള്ളൂ.'

കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.15 വരെ നീണ്ടുനിന്നു. തുടർന്ന് മസ്ജിദുന്നൂറിൽ മഗ്രിബ് - ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചശേഷം ഹുദൂർ മടങ്ങി.

**2019 സെപ്റ്റംബർ 27 വെള്ളിയാഴ്ച**

രാവിലെ 6.30 - ന് ഹദൂർ ബയ്ത്തുന്നൂറിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി. ഇന്ന് അനുഗ്യഹീത ജമുഅ ദിവസമായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് ഹോളണ്ടിന്റെ മുപ്പത്തിയൊമ്പതാം ജൽസ സാലാനയുടെ ആരംഭ ദിവസമായിരുന്നു ഇന്ന്. അതിന്നുവേണ്ടി ബയ്ത്തുന്നൂർ മസ്ജിദിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന വോസൻബെർഗ് (Vossenberg) സ്പോർട്സ് ഹാളിൽ സംവിധാനം ഒരുക്കപ്പെട്ടിരുന്നു. ഇത് പുരുഷന്മാരുടെ ഹാളും ബയ്ത്തുന്നൂറിന്റെ പരിസരത്ത് പന്തലുകളിട്ട് അവിടെ ലജ്നകൾക്കുള്ള സൗകര്യവും ഒരുക്കിയിരുന്നു. രാവിലേ തന്നെ ജൽസാ ഗാഹ് നിറയാൻ തുടങ്ങിയിരുന്നു.

ഹോളണ്ട് ജമാഅത്തിനു പുറമെ ജർമനി, ബ്രിട്ടൺ, ബെൽജിയം, ഇറ്റലി, ഗ്വാട്ടിമാല, ആസ്ട്രിയ, പാക്കിസ്താൻ, മാൾട്ട, ഫിൻലാൻഡ്, സ്വിറ്റ്സർലാൻഡ്, സ്വീഡൻ, ഡന്മാർക്ക്, നോർവെ, ദുബയ്, അമേരിക്ക, കനഡ, ഫ്രാൻസ് ജമാഅത്ത് പ്രതിനിധികളും പങ്കെടുത്തു. നാനൂറു മുതൽ 500 വരെ കിലോമീറ്റർ യാത്ര ചെയ്താണ് യൂറോപ്പിൽ നിന്നുള്ളവർ എത്തിയത്. ജുമുഅക്ക് മുമ്പേ രണ്ടു ജൽസാ ഗാഹുകളും നിറഞ്ഞുകഴിഞ്ഞിരുന്നു. രണ്ടായിരത്തി അഞ്ഞൂറ്റി നാല്പതിലധികം പേർ ജൽസാഗാഹിൽ എത്തിക്കഴിഞ്ഞിരുന്നു.

പ്രോഗ്രാമനുസരിച്ച് 1.55 - ന് ജമാഅത്തിന്റെ പതാകയുയർത്തൽ കർമം ഹുദൂർ നിർവഹിച്ചു. മസ്ജിദുന്നൂറിന്റെ വളപ്പിനുള്ളിൽ നടന്ന ഈ ചടങ്ങിൽ ഹുദൂറിനൊപ്പം ഹോളണ്ട് അമീർ സാഹിബ് സ്വന്തം രാജ്യത്തിന്റേയും പതാകയുയർത്തി. ശേഷം ദുആക്ക് ഹുദൂർ നേത്യത്വം നല്കി.

2 മണിക്ക് പുരുഷന്മാർക്കുവേണ്ടി തയ്യാറാക്കപ്പെട്ട ജൽസാഗാഹിലെത്തിയ ഹുദൂർ ഖുത്വ്ബ ജുമുഅ നല്കിക്കൊണ്ട് ജല്സാ സാലാന ഹോളണ്ടിന് സമാരംഭം കുറിച്ചു. 2.50 വരെ നീണ്ടു നിന്ന ഈ ജുമുഅ ഖുത്വ്ബ MTA ഇന്റർനാഷണൽ മുഖേന തൽസമയ സംപ്രേഷണം ചെയ്യപ്പെട്ടു. അറബിയിലും ഇവിടുത്തെ തദ്ദേശ ഭാഷയായ ഡച്ച് ഭാഷയിലും ജൽസാ ഗാഹിൽ തൽസമയ തർജമയും നടന്നുകൊണ്ടിരുന്നു. ജുമുഅ നമസ്കാരത്തോടൊപ്പം അസ്വ്ർ നമസ്കാരവും ജംആക്കി.

**ആമീൻ പരിപാടി**

ഉച്ച കഴിഞ്ഞ് ഹുദൂർ അൻവർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി. 8 മണിക്ക് പുരുഷന്മാരുടെ ഹാളിലെത്തിയ ഹുദൂർ അൻവർ ആമീൻ പരിപാടിക്ക് ആരംഭം കുറിച്ചു.ചുവടെ ചേർക്കുന്ന 27 കുട്ടികൾ ഓരോ ആയത്ത് ഹുദൂറിനെ കേൾപ്പിച്ചു. തുടർന്ന് ഹുസൂർ ദുആ ചെയ്തു.

— അസീസ് ഫഹദ് ബശീര് ചൌധരി, ഹിസ്ഖീല്

(ശേഷം പേജ് 11 ൽ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

AL ISLAM

## ഹദീഥുന്നബ്വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

***(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)***

ത്വാലിബെ ദുആ
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

## നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin